# കേരളാ കോൺഗ്രസ് (എം)

## കെ.എം.മാണി
**പാലാ**



കേരളാ കോൺഗ്രസ് (എം) പാർട്ടി ചെയർമാനും ലീഡറും. 1965 മുതൽ 2006 വരെ തുടർച്ചയായി പതിനൊന്നു തവണ പാലാ നിയോജകമണ്ഡലത്തിൽ നിന്നു നിയമസഭയിലേക്ക്. റിക്കാർഡുകളുടെ ഉടമ. ഏറ്റവുമധികം കാലം മന്ത്രി. ഏറ്റവുമധികം കാലം നിയമസഭാംഗം. ഒരേ മണ്ഡലത്തിൽ നിന്നു തുടർച്ചയായി ഏറ്റവുമധികം വിജയം. ഏറ്റവും കൂടുതൽ മന്ത്രിസഭകളിൽ അംഗം. ഏറ്റവുമധികം തവണ സത്യപ്രതിജ്ഞ ചെയ്ത മന്ത്രി. എട്ടുബജറ്റുകൾ അവതരിപ്പിച്ച ധനകാര്യമന്ത്രി. അധ്വാനവർഗസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവും രാഷ്ട്രീയ സാമ്പത്തിക സൈദ്ധാന്തികനും.

## പി.ജെ. ജോസഫ്
**തൊടുപുഴ**



കേരളാ കോൺഗ്രസ് വർക്കിംഗ് ചെയർമാൻ. തൊടുപുഴയിൽ നിന്ന് 1970ൽ ആദ്യ വിജയം. 1977,80,82,87,96, 2006 വർഷങ്ങളിൽ വിജയം ആവർത്തിച്ചു. യുഡിഎഫ്, എൽഡിഎഫ് മന്ത്രിസഭകളിൽ ദീർഘകാലം മന്ത്രിയായിരുന്നു. വിദ്യാഭ്യാസം, പൊതുമരാമത്ത്, ആഭ്യന്തരവകുപ്പുകൾ കൈകാര്യം ചെയ്തു.

## അഡ്വ.കെ. കുശലകുമാരൻ
**ആലത്തൂർ**

ആദ്യമായാണു തെരഞ്ഞെടുപ്പുരംഗത്ത്. കേരളാ കോൺഗ്രസ് ജില്ലാ സെക്രട്ടറി, സംസ്ഥാന സെക്രട്ടറിയേറ്റംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ആലത്തൂർ പേൻകുറിശി സ്വദേശിയാണ്. പാലക്കാട് ബാറിൽ അഭിഭാഷകൻ.

## റോഷി അഗസ്റ്റിൻ
**ഇടുക്കി**



പാലാ ചക്കാംപുഴ സ്വദേശിയായ റോഷി കെഎസ്സിയിലൂടെ രാഷ്ട്രീയത്തിൽ എത്തി. 1996ൽ കന്നിയങ്കത്തിൽ പേരാമ്പ്രയിൽ പരാജയപ്പെട്ടെങ്കിലും 2001ലും 2006ലും ഇടുക്കിയിൽ നിന്നു വിജയം സ്വന്തമാക്കി.

## ഡോ.എൻ.ജയരാജ്
**കാഞ്ഞിരപ്പള്ളി**



കേരളാ കോൺഗ്രസ് നേതാവ് കെ. നാരായണക്കുറുപ്പിന്റെ പുത്രൻ. മുൻ കോട്ടയം ജില്ലാപഞ്ചായത്തംഗം. 2006ൽ വാഴൂർ മണ്ഡലത്തിൽ നിന്നു ജയിച്ച ജയരാജ് ഇക്കുറി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്നു മത്സരിക്കുന്നു. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതു പ്രവർത്തന രംഗത്തെത്തി. പിന്നീടു യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന കമ്മറ്റിയംഗമായി. തുടർന്ന് 2000ൽ ജില്ലാ പഞ്ചായത്തിലേക്ക് കങ്ങഴ ഡിവിഷനിൽ നിന്നു മത്സരിച്ചു ജയിച്ചു. 2005ൽ ഇവിടെനിന്നു വീണ്ടും മത്സരിച്ചു വിജയിച്ചു. 2006ൽ ജില്ലാ പഞ്ചായത്ത് അംഗത്വം രാജിവച്ച് നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ചു വിജയിച്ചു.

## അഡ്വ.ജോബ് മൈക്കിൾ
**തളിപ്പറമ്പ്**



ചങ്ങനാശ്ശേരി സ്വദേശിയായ ജോബ് മൈക്കിൾ തളിപ്പറമ്പിലാണ് കന്നിയങ്കത്തിനിറങ്ങുന്നത്. യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ടായ ജോബ് കഴിഞ്ഞ തവണ ജില്ലാ പഞ്ചായത്തംഗമായിരുന്നു. ചങ്ങനാശ്ശേരി ബാറിലെ അഭിഭാഷകനാണ്.

## അഡ്വ.മുഹമ്മദ് ഇക്ബാൽ
**പേരാമ്പ്ര**



കേരളാ കോൺഗ്രസിന്റെ ചരിത്രത്തിലാദ്യമായി മുസ്ലീം വിഭാഗത്തിൽ നിന്നുള്ള ഒരാൾ സ്ഥാനാർത്ഥിയായി ജനവിധി തേടുന്നു. ചങ്ങനാശ്ശേരി എസ്.ബി.കോളജിൽ കെ.എസ്.സി സംഘടനാ പ്രവർത്തനത്തിലൂടെയാണ് ഇക്ബാൽ രാഷ്ട്രീയത്തിലേക്കു പ്രവേശിക്കുന്നത്. കെ.എസ്.സി-(എം), യൂത്ത് ഫ്രണ്ട് (എം) എന്നിവയുടെ സംസ്ഥാന വൈസ് പ്രസിഡണ്ടു സ്ഥാനം അലങ്കരിച്ചു. ഇപ്പോൾ ഓഫീസിന്റെ ചുമതലയുള്ള സംസ്ഥാന ജനറൽ സെക്രട്ടറി. 12 വർഷമായി ഹൈക്കോടതിയിൽ അഭിഭാഷകനാണ്.

# സ്ഥാനാർത്ഥികൾ

## ഡോ.കെ.സി.ജോസഫ്
**കുട്ടനാട്**



1977ൽ പേരാമ്പ്രയിൽ നിന്ന് ആദ്യ വിജയം. 1982, 87, 91,96,2001 വർഷങ്ങളിൽ കുട്ടനാട്ടിൽ നിന്നു തുടരെ വിജയം. കഴിഞ്ഞ തവണ ഡിഐസി സ്ഥാനാർത്ഥിയോടു പരാജയപ്പെട്ടു. തുടർന്നു പിഎസ്സി മെമ്പറായി. കേരളാ കോൺഗ്രസ് ലയനത്തെതുടർന്നു പിഎസ്സി മെമ്പർ സ്ഥാനം രാജിവച്ചു.

## സി.എഫ്.തോമസ്
**ചങ്ങനാശ്ശേരി**



അധ്യാപകവൃത്തിയിൽ നിന്നു പൊതുപ്രവർത്തനത്തിലേക്ക് എത്തി. കേരളാ കോൺഗ്രസ് ചെയർമാനായി വർഷങ്ങളോളം പ്രവർത്തിച്ചു. കഴിഞ്ഞ യുഡിഎഫ് മന്ത്രിസഭയിൽ ഗ്രാമവികസന മന്ത്രി. 1980 മുതൽ തുടർച്ചയായി ചങ്ങനാശ്ശേരിയിൽ നിന്നുള്ള നിയമസഭാംഗം. 1980, 82, 87, 91, 96, 2001, 2006 വർഷങ്ങളിലായി ഏഴു തവണ വിജയം.

## പി.സി.ജോർജ്
**പൂഞ്ഞാർ**

1980 ലും 82 ലും പൂഞ്ഞാറിൽ വിജയിച്ചു. 1996ലെ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ സ്ഥാനാർത്ഥിയായി വിജയം. 2001ലും 2006ലും പി.സി.ജോർജ് വിജയം ആവർത്തിച്ചു. കേരളാ കോൺഗ്രസ് സെക്കുലർ വിഭാഗം, കേരളാ കോൺ



ഗ്രസിൽ എമ്മിൽ ലയിച്ചതോടെ ഇക്കുറി യുഡിഎഫ് സ്ഥാനാർത്ഥിയായി.

## മോൻസ് ജോസഫ്
**കടുത്തുരുത്തി**



1996ൽ കടുത്തുരുത്തിയിൽ നിന്ന് ആദ്യ വിജയം. 2001ൽ പരാജയപ്പെട്ടു. വീണ്ടും 2006ൽ വിജയം. മോൻസ് ജോസഫ് വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയാണു രംഗത്തെത്തിയത്. കെ.എസ്.സി (ജെ), യൂത്ത് ഫ്രണ്ട് (ജെ) എന്നിവയുടെ സംസ്ഥാന പ്രസിഡണ്ടായിരുന്നു. കഴിഞ്ഞ ഇടതുമന്ത്രിസഭയിൽ കുറച്ചുകാലം പൊതുമരാമത്തു മന്ത്രി.

## ടി.യു.കുരുവിള
**കോതമംഗലം**



കേരളാ കോൺഗ്രസ് സീനിയർ നേതാവ്. 2006ൽ കോതമംഗലത്തു നിന്ന് ആദ്യവിജയം. 2006-2007ൽ പൊതുമരാമത്തു മന്ത്രിയായിരുന്നു.

## തോമസ് ചാഴികാടൻ
**ഏറ്റുമാനൂർ**



1991ൽ തെരഞ്ഞെടുപ്പു പ്രചാരണത്തിനിടയിൽ സംഭവിച്ച, സഹോദരൻ ബാബു ചാഴികാടന്റെ ആകസ്മിക മരണത്തെത്തുടർന്നാണു തോമസ് ചാഴികാടൻ തെരഞ്ഞെടുപ്പു രംഗത്തെത്തിയത്. വൻ ഭൂരിപക്ഷത്തോടെ വിജയിച്ചു. 1996ലും 2001ലും 2006ലും വിജയം ആവർത്തിച്ചു.

## അഡ്വ.തോമസ് ഉണ്ണിയാടൻ
**ഇരിങ്ങാലക്കുട**



വൈക്കം സ്വദേശി. യൂത്ത് ഫ്രണ്ട് സംസ്ഥാന പ്രസിഡണ്ടായിരുന്നു. 1996ൽ ഇരിങ്ങാലക്കുടയിൽ ആദ്യമത്സരത്തിൽ പരാജയപ്പെട്ടു. 2001ലും 2006ലും വിജയിച്ചു. മികച്ച ജനപ്രതിനിധിക്കുള്ള നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

## വിക്ടർ ടി.തോമസ്
**തിരുവല്ല**



കേരളാകോൺഗ്രസ് (എം) പത്തനംതിട്ട ജില്ലാ പ്രസിഡണ്ട്, യുഡിഎഫ് ജില്ലാ ചെയർമാൻ എന്നീ പദവികൾ വഹിക്കുന്നു. കെ.എസ്.സി യുടെയും യൂത്ത് ഫ്രണ്ടിന്റെയും സംസ്ഥാന പ്രസിഡണ്ടായിരുന്നു. 2001-2006ൽ സെറിഫെഡ് ചെയർമാൻ. 2006 ലെ ആദ്യമത്സരത്തിൽ പരാജയപ്പെട്ടു.




# ഒത്തുകൂടിച്ചാൽ സമുദ്രവും വറ്റും

"ശത്രുവിന്റെ കരുത്ത് അറിഞ്ഞുവേണം എതിരിടാൻ. അല്ലെങ്കിൽ തറ പറ്റും. ഒരിക്കൽ കുളക്കോഴി സമുദ്രത്തെ വെല്ലുവിളിച്ചു. എന്നിട്ടെന്തായി? പറയാം കേട്ടോളൂ"- ദമനകൻ കഥ പറഞ്ഞുതുടങ്ങി.

പൂവൻ കുളക്കോഴിയും പിടയും സമുദ്രതീരത്താണു താമസിച്ചിരുന്നത്. മുട്ടയ്ക്കു കാലമായപ്പോൾ പിട പറഞ്ഞു: ഏയ് എന്റെ പൂവാ. എനിക്കു മുട്ടയ്ക്കു കാലമടുത്തു തുടങ്ങി. മുട്ടയിടാൻ സുരക്ഷിത സ്ഥലം കണ്ടുപിടിക്കണമല്ലോ.

പൂവൻ കുളക്കോഴി അത്ര കാര്യമായെടുത്തില്ല. അവൻ പറഞ്ഞു: നമ്മളപ്പനപ്പൂപ്പന്മാരായിട്ട് ഈ സമുദ്രതീരത്തുതന്നെയാ വാസം. അവരും ഈ തീരത്തു തന്നെയാ മുട്ടയിട്ടു വിരിയിച്ചത്. ഇനിയെന്തിനാ വേറൊരു സ്ഥലം? നീയും ഈ തീരത്തു തന്നെ മുട്ടയിട്ടോളൂ.

ഇതുകേട്ടു പിടയ്ക്കു പേടിയായി. അവൾ പറഞ്ഞു: അയ്യോ! ഈ തീരത്തോ? എപ്പോഴാണു തിരയടിച്ചു കയറുന്നതെന്നാർക്കറിയാം. തിരയിൽപെട്ടാൽ നമ്മുടെ കുഞ്ഞുങ്ങളെല്ലാം ഒഴുകിപ്പോകും."

പിടയുടെ വർത്തമാനം പൂവനു തീരെ ഇഷ്ടപ്പെട്ടില്ല. അവൻ പറഞ്ഞു. പോകാൻ പറ, തിരയോ? കളി എന്നോടോ? സർപ്പം സൂക്ഷിക്കുന്ന മാണിക്യം തട്ടിയെടുക്കാൻ ആർക്കാ ധൈര്യം? ഞാൻ സമുദ്രത്തെ വെല്ലുവിളിക്കുന്നു. ചുണയുണ്ടെങ്കിൽ എന്റെ പിട ഇടുന്ന മുട്ടകൾ ഒഴുക്കിക്കൊണ്ടുപോകാൻ വരട്ടെ, അപ്പോൾ കാണാം!

പൂവന്റെ വീമ്പുകേട്ട് പിട പറഞ്ഞു: വെറുതെ വീമ്പിളക്കേണ്ട. ആന ചിന്നം വിളിക്കുന്നതു കേട്ടു കൊതുകു മൂളിയിട്ടെന്തു കാര്യം.



അപ്പോഴേക്കും ശക്തമായൊരു തിര കരയിലേക്കടിച്ചുകയറി. അതുകണ്ടു പേടിച്ചു കുളക്കോഴി കുടുംബം അവിടെ നിന്നും പറന്നുപൊങ്ങി. പിട പറഞ്ഞു: കണ്ടോ ഇപ്പോഴേ സമുദ്രം നമ്മെ നോട്ടമിട്ടുകഴിഞ്ഞു. ശത്രുവിന്റെ ശക്തിയറിയാതെ ശത്രുവിനെ നേരിടുന്നവൻ തീയെ ക്കണ്ടു പറന്നെത്തുന്ന ഈയൽ പോലെ കരിഞ്ഞുവീഴും.

പൂവൻ കുളക്കോഴിക്ക് ഇത് തീരെ രസിച്ചില്ല. അവൻ പറഞ്ഞു.ഉത്സാഹമാണു പ്രധാനം. ഉത്സാഹമുള്ളവൻ ഏതു വമ്പനെയും തോല്പിക്കും. ചെറിയ തോട്ടിക്കു വലിയ ആന വശപ്പെടുന്നു. ഏതു കൂരിരുട്ടിനെയും അകറ്റുന്നതാണ് ഒരു ചെറുവെളിച്ചം. അതുപോലെ എന്റെ കൊക്കുകൊണ്ടു ഞാൻ ഈ സമുദ്രം മുഴുവൻ കുടിച്ചു വറ്റിക്കും.

അവർ തമ്മിൽ സംവാദം തുടർന്നു. പിട പറഞ്ഞു:എന്റെ പ്രിയൻ ഒരു കാര്യം മനസ്സിലാക്കണം. ഗംഗപോലുള്ള മഹാനദികൾ ഒഴുകിക്കൂടുന്നതാണു സമുദ്രം. ഈ പാരാവാരം മുഴുവൻ കുടിച്ചുതീർക്കുകയോ? പിടയ്ക്കു സംശയം തീർന്നില്ല. പൂവൻ അവളെ സമാധാനിപ്പിച്ചുകൊണ്ടു പറഞ്ഞു.

അക്ഷീണപ്രയത്നം ഫലം തരുമെന്നു നിനക്കറിയാമല്ലോ. ഞാൻ അക്ഷീണം പ്രയത്നിക്കും. നോക്കിക്കോളൂ.

തന്റെ പ്രിയൻ പിന്മാറാനുള്ള ഭാവമില്ലെന്നു കണ്ടപ്പോൾ പിട പറഞ്ഞു: നമ്മുടെ ചങ്ങാതിമാരായ പക്ഷികളെയെല്ലാം വിളിക്കാം. ചെറുപക്ഷികളാണെങ്കിലും കുറെപ്പേർ ചേർന്നാൽ വലിയൊരു ശക്തിയാകും. വളരെ ചെറിയ അനേകം നാരുകൾ പിരിച്ചുണ്ടാക്കുന്ന വടം കൊണ്ട് ആനയെപ്പോലും തളയ്ക്കുന്നുണ്ടല്ലോ.

അതെയതെ- പൂവനും അനുകൂലിച്ചു.

●

# തൻകാര്യം മുൻകാര്യം

കച്ചവടസംഘത്തിന്റെ ചുമടുംപേറി നടക്കുകയായിരുന്നു കഥനകൻ എന്ന ഒട്ടകം. എടുക്കാവുന്നതിലധികം ഭാരമായിരുന്നു അവന്റെ മുതുകത്തു വച്ചുകെട്ടിയിരുന്നത്. കുറെ മുന്നോട്ടു പോയപ്പോൾ ഭാരം താങ്ങാനാവാതെ അവൻ തളർന്നുവീണു. അവന് എഴുന്നേല്ക്കാനായില്ല. അതുകൊണ്ടു കച്ചവടക്കാർ കഥനകനെ വഴിയിൽ ഉപേക്ഷിച്ചിട്ടു പോയി.

തന്റെ മുതുകത്തെ ഭാരമെല്ലാം നീങ്ങി കുറെനേരം വിശ്രമിച്ചപ്പോൾ കഥനകന്റെ ക്ഷീണവും തളർച്ചയുമെല്ലാം നീങ്ങി. അവൻ എഴുന്നേറ്റു നടന്നുതുടങ്ങി. നടന്നു നടന്ന് അവനൊരു കാട്ടിൽ എത്തി.

ആ കാടു വാണിരുന്നതു മദോത്കടൻ എന്ന സിംഹമായിരുന്നു. രാജ്യഭരണത്തിൽ ഉപദേശിക്കാൻ സിംഹത്താനു മൂന്നു മന്ത്രിമാരുണ്ടായിരുന്നു. ഒരു കടുവ, ഒരു കുറുക്കൻ, ഒരു കാക്ക.

ഒരു ദിവസം മദോത്കടനും മന്ത്രിമാരും കൂടി നാടുകാണാനിറങ്ങി. അങ്ങനെ ചുറ്റിനടക്കുന്നതിനിടയിൽ മദോത്കടൻ ഒരു വിചിത്രജീവിയെക്കണ്ടു. നീണ്ട കഴുത്തും, ചെറിയ തലയും പെട്ടകം പോലെ വയറും പുറത്തു വലിയൊരു മുഴയും നീണ്ടുമെലിഞ്ഞ കാലും. അങ്ങനെയൊരു ജീവിയെ മദോത്കടൻ ആദ്യം കാണുകയാണ്. സിംഹത്താനു ചെറിയൊരു ഭയം തോന്നിയെങ്കിലും അതൊന്നും അവൻ ഭാവിച്ചില്ല. അവൻ മന്ത്രിമാരോടു പറഞ്ഞു:

അതെന്തു ജീവി? ഇതുപോലൊന്നിനെ മുൻപെങ്ങും നമ്മുടെ കാട്ടിൽ കണ്ടിട്ടില്ലല്ലോ?

കാക്കയാണു മറുപടി നല്കിയത്. പ്രഭോ, ഇവനാണ് ഒട്ടകം. തനി നാടൻ.

ശരി, അവനെ നമ്മുടെ കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുവരൂ എന്നു പറഞ്ഞ് മദോത്കടൻ കൊട്ടാരത്തിലേക്കു മടങ്ങി.

കാക്കച്ചാർ ഒട്ടകത്തെ അനുനയിപ്പിച്ചു സിംഹത്താന്റെ കൊട്ടാരത്തിലേക്കു കൊണ്ടുവന്നു. ഒട്ടകത്തിന്റെ വിവരങ്ങൾ അറിഞ്ഞപ്പോൾ മദോത്കടന് ഒട്ടകത്തോട് അനുകമ്പയായി. അവൻ പറഞ്ഞു: എടാ കഥനകാ, നീയിനി നാട്ടിലേക്കൊന്നും പോകേണ്ട. അവിടെച്ചെന്നു ചുമടെടുത്തു കഷ്ടപ്പെടുകയും വേണ്ട. നീ ഇവിടെ നമ്മുടെ കൂടെ കൂടിക്കോളൂ. ഈ കാട്ടിലെ നല്ല മരതക കൂമ്പുകൾ പോലുള്ള പുല്ലു തിന്നു കഴിഞ്ഞോളൂ.

അന്നുമുതൽ ഒട്ടകവും മദോത്കടന്റെ അന്തേവാസിയായി.

അങ്ങനെയിരിക്കെ മദോത്ക്കടനും വലിയൊരു കാട്ടാനയും തമ്മിലൊരു പോരു നടന്നു. പോരിൽ കാട്ടാനയുടെ കുത്തേറ്റു മദോക്കടൻ വീണുപോയി. കഷ്ടിച്ചു ജീവൻ തിരിച്ചു കിട്ടിയെന്നു മാത്രം. കിടന്ന കിടപ്പുതന്നെ.

വിശപ്പു സഹിക്കാതായപ്പോൾ സിംഹം മന്ത്രിമാരോടു പറഞ്ഞു: എനിക്ക് ഓടിച്ചാടി ഇരപിടിക്കാനൊന്നും വയ്യ. നിങ്ങൾ പോയി ഏതെങ്കിലുമൊരു ജന്തുവിനെ പറഞ്ഞുപറ്റിച്ച് ഇവിടെ കൊണ്ടുവരൂ. ഇവിടെ എത്തിച്ചാൽപിന്നെ ഞാൻ അവനെ തട്ടാം;

പുലിയും കുറുക്കനും കാക്കയും ഒട്ടകവും കൂടി ഉടനെ ഇറങ്ങി. കാടു മുഴുവൻ ചുറ്റിത്തിരിഞ്ഞു. ഒരു ജന്തുവിനെയും അവർക്കു കിട്ടിയില്ല.

അവർ നിരാശരായി തിരിച്ചുനടന്നു. അതിനിടയിൽ കുറുക്കൻ കാക്കയോടു മന്ത്രിച്ചു: എടോ, കാക്കേ; നമ്മളിങ്ങനെ നടന്നു കഷ്ടപ്പെടേണ്ട വല്ല കാര്യവുമുണ്ടോ? ഇവനുണ്ടല്ലോ, ഈ കഥനകൻ. ഇവനെ വകവരുത്താം. കുറെ ദിവസത്തേക്ക് ഇവന്റെ ഇറച്ചി ധാരാളം മതി.

കാക്കയ്ക്കു സംശയമായി.

അതെങ്ങനെ? മദോത്ക്കടൻ ഇവന് അഭയം കൊടുത്തിരിക്കയല്ലേ? അവനെ തിരുമനസ്സു വധിക്കുമോ?

എടോ കാക്കേ, അതൊക്കെ ഞാൻ ഒപ്പിച്ചോളാം പണി. പ്രഭുവിനെ സമ്മതിപ്പിക്കുന്ന കാര്യം ഞാനേറ്റു.

കുറുക്കൻ വേഗം മദോത്ക്കടന്റെ അടുത്തേക്കോടി. അവൻ പറഞ്ഞു: പ്രഭോ, ഞങ്ങൾ കാടുമുഴുവൻ തിരഞ്ഞു. ഒറ്റൊരുത്തനെയും കിട്ടിയില്ല. അങ്ങ് എത്ര ദിവസമായി പട്ടിണി കിടക്കുന്നു. ഞങ്ങൾക്കും വിശപ്പു സഹിക്കാതായി. മറ്റൊരു വഴിയും കാണാത്തതുകൊണ്ട് പറയുകയാണ്. അങ്ങു കഥനകനെ കൊല്ലണം. അങ്ങേയ്ക്കു പഥ്യാഹാരവുമായി. ഞങ്ങളുടെ വിശപ്പും അടങ്ങും.



സിംഹത്താനു കോപം വന്നു. അവൻ പറഞ്ഞു: എടാ നീചാ; എടാ പാപീ. ഞാൻ അഭയം നല്കിയവനെ ഞാൻ കൊല്ലണമെന്നോ? എല്ലാ ദാനത്തിലും വലുതാണ് അഭയദാനം. മേലിൽ ഇതുപോലെന്തെങ്കിലും പറഞ്ഞാൽ ആ നിമിഷം നിന്റെ കഥ ഞാൻ കഴിക്കും.

കുറുക്കൻ പിന്നെ അവിടെ നിന്നില്ല. അവൻ പുലിയുടെയും കാക്കയുടെയും ഒട്ടകത്തിന്റെയും അടുത്തെത്തി പറഞ്ഞു: കൂട്ടരേ, നമ്മുടെ പ്രഭു വളരെ അപകടനിലയിലാണ്. ആഹാരം പോലുമില്ലാതെ കിടന്നകിടപ്പ്. അദ്ദേഹത്തിനെന്തെങ്കിലും സംഭവിച്ചാൽ നമ്മളെയൊക്കെ ആരാണു സംരക്ഷിക്കുക? അദ്ദേഹത്തിനു ഭക്ഷണമായി നമ്മുടെ ശരീരം തന്നെ കൊടുക്കണം. അതാണു നമ്മുടെ കടമ.

അവരെല്ലാവരും മദോത്ക്കടന്റെ ചുറ്റും കൂടി ദുഃഖം നടിച്ചിരുപ്പായി. ഇതിനകം കുറുക്കനും കാക്കയും കൂടി ഒരു ഗൂഢപദ്ധതി തയ്യാറാക്കിയിരുന്നു. അതനുസരിച്ചു കാക്ക പറഞ്ഞു: ഇരകളൊന്നും പിടികിട്ടിയില്ല. അങ്ങ് എന്നെ തിന്നുകൊള്ളുക. വിശപ്പ് അല്പമൊന്നടങ്ങട്ടെ.

ഇതുകേട്ട് കുറുക്കൻ പറഞ്ഞു: എടോ കാക്കേ; നിന്റെ ദേഹത്തുള്ള കാൽ കഴഞ്ച് ഇറച്ചി എന്തിനുപോരും? കൊന്നെന്നു പേരും. അതുകൊണ്ടു തിരുമേനി എന്നെക്കൊന്നു ഭക്ഷിച്ചാലും.

ഇതുകേട്ടു കടുവ മുന്നിലേക്കു നീങ്ങി മദോത്ക്കടനെ വണങ്ങിയിട്ടു പറഞ്ഞു: തിരുമേനി ഇവരേക്കാളും മെച്ചമാണ് എന്റെ ഇറച്ചി. തൂക്കവും കൂടുതലുണ്ട്. അങ്ങ് എന്നെ വധിക്കണം; എന്നെത്തിന്നു വിശപ്പടക്കണം.

ഇതൊക്കെ കഥനകനും കേൾക്കുന്നുണ്ടായിരുന്നു. അവൻ ചിന്തിച്ചു. എല്ലാവരും തങ്ങളെത്തിന്നു വിശപ്പടക്കിക്കൊള്ളാനാണ് ആവശ്യപ്പെടുന്നത്. പക്ഷേ, സിംഹത്താൻ ആരെയും വധിക്കുന്നുമില്ല. താനും മോശമാവാൻ പാടില്ല എന്നുറച്ചു കഥനകൻ മുന്നോട്ടുവന്നു പറഞ്ഞു: തിരുമേനീ ഈ കാട്ടിൽ അങ്ങാണ് എനിക്ക് അഭയം തന്നത്. എന്റെ ജീവനും, എന്റെ ഈ തടിയുമെല്ലാം അങ്ങേക്കവകാശപ്പെട്ടതാണ്. അങ്ങ് എന്നെക്കൊന്നു തിന്നണം.

കഥനകൻ പറഞ്ഞുതീർന്നില്ല; പുലിയും കുറുക്കനും ഒട്ടകത്തിന്റെ മേൽ ചാടിവീണു. അവനെ മാന്തിക്കീറി. അങ്ങനെ മദോത്ക്കടനും മന്ത്രിമാരും വിശപ്പടക്കി.

ഉപദേശകൻ അധമരായാൽ ആശ്രിതർക്കു രാജാവിന്റെ സംരക്ഷണം ലഭിക്കില്ല. ഇതാണു സാരം.

സുദർശനം

കിളിരൂർ രാധാകൃഷ്ണൻ

# വരമോ ശാപമോ?

വിധി എത്രത്തോളം പ്രതികൂലമാകുന്നോ അത്രത്തോളം ആത്മധൈര്യത്തോടെ മുന്നേറുന്ന രാഷ്ട്രമാണു ജപ്പാൻ. രണ്ടം ലോകമഹായുദ്ധത്തിൽ ആണവ ബോംബാക്രമണത്തിൽ തകർന്നടിഞ്ഞ ആ കൊച്ചു രാജ്യം ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേറ്റതും, നേട്ടങ്ങളുടെ പട്ടിക നോക്കുമ്പോൾ ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിലെത്തിയതും അത്ഭുതകരമായ കാഴ്ചയാണ്. ശാസ്ത്രരംഗത്തും വ്യവസായിക രംഗത്തും ജപ്പാൻ അചഞ്ചലമായ ശക്തിയായി മാറി. മറ്റു രാഷ്ട്രങ്ങൾ ജപ്പാന്റെ വളർച്ചയെ അസൂയയോടെയും അത്ഭുതാദരങ്ങളോടെയും ഉറ്റുനോക്കിവരികെയാണ് പ്രകൃതി സുനാമിയുടെയും ഭൂകമ്പങ്ങളുടെയും രൂപത്തിൽ അവിടെ മുടിയഴിച്ചാടിയത്.

നാമെല്ലാം ആവർത്തിച്ചാവർത്തിച്ചു കണ്ട ദൃശ്യങ്ങൾ ഇപ്പോഴും ഒരു നടുക്കമായി മനസ്സിൽ ബാക്കിയാണ്. രണ്ടു നഗരങ്ങൾ അപ്പാടെ ഒഴുക്കിക്കൊണ്ടു വരുന്ന സുനാമി തിരമാലകളിൽ കെട്ടിടങ്ങളും കാറുകളും വിമാനങ്ങളും കപ്പലുകളുമെല്ലാം കുട്ടികളുടെ കളിപ്പാട്ടങ്ങൾ പോലെ ഒഴുകിനടന്നതു കണ്ടപ്പോൾ ഏതു നിരീശ്വരവാദിയും 'ഈശ്വരാ' എന്ന് ഉള്ളുരുകി വിളിച്ചിരിക്കും.

ഭൂകമ്പം ജപ്പാൻകാർക്കു പുത്തരിയല്ല. അടുപ്പിച്ചു കുറെ ദിവസം ഭൂകമ്പം ഉണ്ടായില്ലെങ്കിലാണ് അവർക്കു സംഭ്രമം. അത്രത്തോളം അവരാ പ്രതിഭാസവുമായി ഇണങ്ങിക്കഴിഞ്ഞു. ഭൂകമ്പത്തിൽ കുലുങ്ങി വീഴാത്തവിധം ശാസ്ത്രീയമായ പ്രതിവിധികളോടെയാണ് അവർ വലിയ കെട്ടിടങ്ങൾ നിർമിക്കുന്നത്. എന്നിട്ടും സുനാമിത്തിരമാലകൾ നിരവധി കെട്ടിടങ്ങൾ നക്കിയെടുത്തു. ഇനിയും കൃത്യമായി എണ്ണം നിശ്ചയിക്കാത്തതിനാൽ പതിനായിരങ്ങളുടെ ജീവൻ ബലികൊടുത്തു എന്നേ നമുക്ക് അറിയൂ.

ഈ മഹാദുരന്തങ്ങൾക്കു മനുഷ്യന്റെ അടക്കാനാവാത്ത ആധുനിക സുഖഭോഗമോഹങ്ങൾ കാരണമായിട്ടുണ്ടോ എന്ന് അന്വേഷിക്കേണ്ടതല്ലേ? ഭൂവൽക്കങ്ങളുടെ സ്ഥാനഭ്രംശംകൊണ്ടാണു ഭൂകമ്പം ഉണ്ടാകുന്നതെന്നും സമുദ്രത്തിലുണ്ടാകുന്ന ഭൂകമ്പമാണു സുനാമിക്കു കാരണമെന്നും ശാസ്ത്രജ്ഞർ പറയുന്നു. ഭൂവൽക്കം ഒരു കാരണവുമില്ലാതെ സ്ഥാനം മാറി കളിക്കുന്നതാണോ? അതോ നമ്മുടെ സംഭാവന വല്ലതുമാണോ?



*ദുരന്തത്തിൽ സർവതും നഷ്ടപ്പെട്ടു വിതുമ്പുന്ന ജാപ്പനീസ് വനിതകൾ*

നമ്മുടെ വൻകിടരാഷ്ട്രങ്ങൾ സമുദ്രത്തിലും മരുഭൂമികളിലുമൊക്കെ നടത്തുന്ന ആണവ പരീക്ഷണങ്ങൾ എത്ര ഭീകരമായ പ്രകമ്പനമാവും സൃഷ്ടിക്കുക! അവയുടെയൊക്കെ ഫലമായി ഭൂവൽക്കമാറ്റം സംഭവിക്കുമോ? അറിയില്ല. അതൊക്കെ പറയേണ്ടതു ശാസ്ത്രജ്ഞന്മാരാണല്ലോ. അവർ തന്നെ, പറയുന്നതിൽ ഉറച്ചു നില്ക്കാറുമില്ല. ശാസ്ത്രം വളരുന്നതിനുസരിച്ച് ഇന്നലത്തെ ശാസ്ത്ര സത്യം ഇന്നത്തെ ശാസ്ത്രത്തിന് അശാസ്ത്രീയമായി മാറുമെന്നും ശാസ്ത്രോക്തിയുണ്ടല്ലോ. എങ്കിലും ഈ വാചാടോപമൊക്കെ മാറ്റി നിർത്തി ലളിതമായി ചിന്തിച്ചാൽ ഇന്നത്തെ പല പ്രകൃതി ദുരന്തങ്ങൾക്കും കാരണം മനുഷ്യന്റെ ആർത്തിപെരുത്ത പോക്കാണെന്നു നിസ്സംശയം പറയാൻ കഴിയും.

> ദൈവം മനുഷ്യനു മാത്രമേ ബുദ്ധിശക്തിയും അന്വേഷണത്വരയും നല്കിയിട്ടുള്ളൂ എന്നും, അതുപയോഗിച്ചു പ്രകൃതിയെ കീഴടക്കുക എന്നതാണ് അവന്റെ ദൗത്യമെന്നും നാം വിശ്വസിക്കുന്നു. അതുകൊണ്ട് എത്രയോ ആയിരം ജീവിവർഗങ്ങളും സസ്യജാലങ്ങളും ഈ ഭൂമുഖത്തു നിന്ന് ഇതിനകം അപ്രത്യക്ഷമായി കഴിഞ്ഞു.

ഈ ഭൂമുഖത്തു ലഭ്യമായ ജീവിത സൗകര്യങ്ങളിൽ തൃപ്തി കാണാത്ത ഒരേ ഒരു ജീവി മനുഷ്യനാണ്, മറ്റെല്ലാ ജീവജാലങ്ങളും പ്രകൃതിദത്തമായ ജീവിതസൗകര്യങ്ങളിൽ സംതൃപ്തിയും സന്തോഷവും പൂണ്ടു ജീവിക്കുന്നു. ആയിരം വർഷം മുൻപു ജീവിച്ചതു പോലെ തന്നെയാണു മൃഗങ്ങളും പക്ഷികളും മത്സ്യങ്ങളുമൊക്കെ ഇന്നും ജീവിക്കുന്നത്. അഥവാ അതിലെന്തെങ്കിലും നേരിയ മാറ്റമുണ്ടാകുന്നെങ്കിൽ അതു പ്രകൃതിതന്നെ പ്രദാനം ചെയ്യുന്നതുമാണ്. മനുഷ്യനാകട്ടെ ശാസ്ത്രനേട്ടങ്ങളുടെ പിൻതുണയോടെ ഈരേഴു പതിനാലു ലോകവും കീഴടക്കിയിരിക്കുന്നു. ദൈവം മനുഷ്യനു മാത്രമേ ഈ ബുദ്ധിശക്തിയും അന്വേഷണത്വരയും നല്കിയിട്ടുള്ളൂ എന്നും, അതുപയോഗിച്ചു പ്രകൃതിയെ കീഴടക്കുക എന്നതാണ് അവന്റെ ദൗത്യമെന്നും

നാം വിശ്വസിക്കുന്നു. പക്ഷേ, വളർച്ചയുടെ ഒരു ഘട്ടത്തിൽ പോലും നമ്മുടെ സഹജീവികളുടെ ജീവിതത്തെ അതെങ്ങനെ ബാധിക്കും എന്നു നാം ചിന്തിച്ചിട്ടില്ല. അതുകൊണ്ട് എത്രയോ ആയിരം ജീവിവർഗങ്ങളും സസ്യജാലങ്ങളും ഈ ഭൂമുഖത്തു നിന്ന് ഇതിനകം അപ്രത്യക്ഷമായി കഴിഞ്ഞു.

ഇത്രയൊക്കെ പറഞ്ഞതു ജപ്പാനിൽ പ്രകൃതി വിതച്ചതിലും വലിയ വിപത്ത് ജപ്പാൻ ശാസ്ത്രജ്ഞരാണ് ഇന്നു വിതച്ചുകൊണ്ടിരിക്കുന്നതെന്ന സത്യത്തെ ഓർമിപ്പിക്കാനാണ്. നാലോ അഞ്ചോ ആണവ നിലയങ്ങൾ തകർന്നു കഴിഞ്ഞു. ഇനിയെത്രയെണ്ണം തകരുമെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ആണവശക്തിസ്രോതസ് ഏറ്റവും വലിയ പുരോഗതിയുടെ ലക്ഷണവും ലക്ഷ്യവുമാണല്ലോ. ചെർണോബിൽ ദുരന്തമുണ്ടായപ്പോൾ അത് ഒരൊറ്റപ്പെട്ട സംഭവമായി ലോകശാസ്ത്രജ്ഞന്മാർ അവഗണിച്ചു. അതേ അവർക്കു മാർഗമുണ്ടായിരുന്നുള്ളൂ. ഇന്നു ജപ്പാനിലെ അവസ്ഥയും അങ്ങനെയൊരു കളത്തിൽ നിർത്താം അവർക്ക്.



*പൊട്ടിത്തെറിയെത്തുടർന്നു ഫുക്കുഷിമ ആണവപ്ലാന്റിൽ നിന്നും പുക ഉയരുന്നു.*

പക്ഷേ, സത്യത്തിന്റെ മുഖം വളരെ വികൃതവും ക്രൂരവുമാണ്. ആണവവികിരണം കൊണ്ടുണ്ടാകുന്ന ദൂരവ്യാപകമായ ക്രൂരാനുഭവങ്ങൾ ഇന്നു ജപ്പാൻ ജനത അനുഭവിക്കുകയാണ്. ജപ്പാന്റെ സമീപ രാജ്യങ്ങളിലേക്കും ഈ വികിരണം പടരുമെന്ന ഭയവുമുണ്ട്.

അമേരിക്ക യുദ്ധാന്ധത മൂത്ത് അന്നു ബോംബു വർഷിച്ചപ്പോൾ ജപ്പാൻ ജനതയ്ക്ക് അതു നിസ്സഹായരായി അനുഭവിക്കേണ്ടി വന്നു. അന്നു ലോകം മുഴുവൻ അവരോടു സഹതപിച്ചു. ഇന്ന് അവരനുഭവിക്കുന്നതു സ്വയംകൃതാനർത്ഥമാണ്. ഒരു സഹതാപവും അവരെ കുറ്റബോധത്തിൽ നിന്നു വിമുക്തരാക്കുകയില്ല. മനുഷ്യകുലം മാത്രമല്ല, ഒന്നുമറിയാത്ത കോടാനുകോടി ഭൗമജലജീവികളും സസ്യലോകവുമെല്ലാം ഈ ഭീകരമായ അണുവികിരണത്തിൽ തകർന്നടിയും.

ജപ്പാനെപ്പോലെ പൂർണതാബോധമുള്ള, വൈദഗ്ധ്യം കൈമുതലാക്കിയ ഒരു രാഷ്ട്രം എത്ര ശ്രദ്ധയോടെയും ദൂരക്കാഴ്ചയോടെയുമാവാം ആണവ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടാവുക. ഏതു പ്രതികൂല കാലാവസ്ഥയെയും തരണം ചെയ്യാനുള്ള സർവ സജ്ജീകരണങ്ങളും അവർ ഒരുക്കിയിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ആ കണക്കുകൂട്ടലുകളെല്ലാം ഒരു നിമിഷം കൊണ്ടു തകർന്നതാണു നാം കണ്ടത്.

ഇപ്പോൾ ജർമനി പോലെയുള്ള രാജ്യങ്ങൾ അവരുടെ ആണവ നിലയങ്ങൾ അടച്ചു പൂട്ടാൻ പോകുന്നതായി കേൾക്കുന്നു. ഈ ചിന്ത മറ്റു പല വൻശക്തികൾക്കും ഉണ്ടായേക്കാം. ഈ കൊച്ചു കേരളത്തിലും ജില്ലാടിസ്ഥാനത്തിലും പഞ്ചായത്തടിസ്ഥാനത്തിലും ആണവ നിലയങ്ങൾ സ്ഥാപിച്ചു സർവപ്രശ്നങ്ങൾക്കും ഒറ്റയടിക്കു പരിഹാരം കാണണമെന്നു മൈതാന പ്രസംഗം നടത്തുന്ന നമ്മുടെ ശാസ്ത്രജ്ഞർക്കും, ഭരണ സാരഥികൾക്കും ഈ അവസരത്തിലെങ്കിലും ഒരു വിചിന്തനം നടത്താൻ തോന്നിയാൽ നന്ന്. ഭസ്മാസുരനു വരം കൊടുത്തതു സർവശക്തനായ പരമശിവനാണ്, പക്ഷേ അവനു ഭ്രാന്തിളകിയപ്പോൾ ഭഗവാനും നെട്ടോട്ടം ഓടിയ കഥ നമ്മുടെ ഋഷീശ്വരന്മാർ അന്നേ കല്പിച്ചെഴുതിയത് ഇന്നത്തെ തലമുറയ്ക്കു പാഠമാകേണ്ടതാണ്.

●

## അറിയേണ്ടും കാര്യങ്ങൾ

### സ്കോട്ലാൻഡ് സ്കൂളുകളിൽ ഉറക്കവും പഠനവിഷയം



ആരോഗ്യസംരക്ഷണത്തിൽ ഉറക്കത്തിന്റെ ആവശ്യകതയെപ്പറ്റി യുവതലമുറയെ ബോധവാന്മാരാക്കുക ലക്ഷ്യമാക്കി സ്കോട്ലാൻഡ് സ്കൂൾ സിലബസിൽ തിയററ്റിക്കലും പ്രാക്ടിക്കലുമായി ഉറക്കം കൂടി ഉൾപ്പെടുത്തി. ശരിയായ ഉറക്കത്തിന്റെ പ്രാധാന്യത്തെപ്പറ്റി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന സന്നദ്ധസംഘടനായായ 'സ്ലീപ് സ്കോട്ലാൻഡി'ന്റെ കൂടി സഹകരണത്തോടെയാണ് ഈ ഉദ്യമം. മൊബൈൽ ഫോൺ, ടി.വി, ഇന്റർനെറ്റ് എന്നിവയുടെ അതിപ്രസരംമൂലം ജനങ്ങൾക്ക്, പ്രത്യേകിച്ചു യുവതലമുറയ്ക്കു വേണ്ടത്ര സമയം ഉറക്കം ലഭിക്കുന്നില്ല. ഇതു മാനസ്സികവും ശാരീരികവുമായ ഒട്ടനവധി പ്രശ്നങ്ങൾക്കു കാരണമാവുന്നു. തന്നെയുമല്ല പ്രായഭേദമെന്യേ ബഹുഭൂരിപക്ഷം ആരോഗ്യപ്രശ്നങ്ങൾക്കും മൂലകാരണം വേണ്ടത്ര ഉറക്കം ലഭിക്കാത്തതാണെന്നു നിരവധി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പഠന, തൊഴിൽ മേഖലകളിൽ കഴിഞ്ഞ ഒന്നുരണ്ടു പതിറ്റാണ്ടുകൊണ്ടുണ്ടായ മാറ്റവും ഉറക്കഭംഗത്തിനു വഴിതുറന്നുവത്രെ. ഐ.ടി. ഉൾപ്പെടെയുള്ള നൂതന തൊഴിൽമേഖലകളിൽ പ്രവർത്തിക്കുന്നവരാണ് ഉറക്കക്കുറവുമൂലമുള്ള മാനസ്സികവും ശാരീരികവുമായ ആരോഗ്യപ്രശ്നങ്ങളുടെ പിടിയിലമരുന്നവരിൽ ബഹുഭൂരിപക്ഷവും.

●



പുനരാഖ്യാനം

**മഹാഭാരതം - 114**

# ജയദ്രഥൻ വധിക്കപ്പെടുന്നു

മധ്യാഹ്നം കഴിഞ്ഞിട്ടും അർജുനനു ജയദ്രഥനെ നേരിൽ കിട്ടിയില്ല. അർജുനരഥത്തിലെ കൊടിക്കൂറ കാണുമ്പോഴേ കൗരവനായകർ ജയദ്രഥനെ താവളം മാറ്റുകയായി. പാണ്ഡവരെ എതിരിടുകയും ജയദ്രഥനെ രക്ഷിക്കുകയും ചെയ്യുന്ന ഇരട്ടയത്നത്തിൽ കൗരവപ്പട അമ്പേ തളർന്നു വശായി എന്നുതന്നെ പറയാം.

കർണ്ണനും ഭീമസേനനും പല കുറി ഏറ്റുമുട്ടിയപ്പോൾ രണ്ടുപേരും ക്ഷീണിതരായി. കർണ്ണനും അശ്വത്ഥാമാവും കൂടി രക്ഷപെട്ടുപോയെങ്കിലും ദ്രോണർ സംഹാരം തുടർന്നുകൊണ്ടേയിരുന്നു. ക്ഷീണിതനായ ഭീമസേനനെ സഹായിക്കാൻ സാത്യകി പാഞ്ഞെത്തി. ഇടയിൽ ചാടി വീണ അലംബുഷൻ സാത്യകിയോട് എതിരിട്ടു. ക്രുദ്ധനായ സാത്യകിയുടെ ശരമാരിക്കെതിരെ പ്രതിരോധം തീർക്കാൻ കഴിയാതെ അലംബുഷൻ പോർക്കളത്തിൽ ചത്തുവീണു.

അപ്പോൾ ദുശ്ശാസനൻ പോർവിളി മുഴക്കിക്കൊണ്ടു സാത്യകിക്കെതിരെ പാഞ്ഞുവന്നു. സാത്യകിയുടെ ക്രൂരനാരാചങ്ങളേറ്റു ദുശ്ശാസനന്റെ അശ്വങ്ങൾ ചത്തു വീഴുകയും രഥം ഉടഞ്ഞു തകരുകയും ചെയ്തു.

അതു കണ്ടു സോമദത്തപുത്രനായ ഭൂരിശ്രവസ്സ് കുലച്ച വില്ലുമായി സാത്യകിയെ എതിരിട്ടു. അവർ തമ്മിൽ നടന്ന ഘോരയുദ്ധത്തിൽ രണ്ടുപേരും മദയാനയെപ്പോലെ ഏറ്റുമുട്ടി. രണ്ടുപേരുടെയും വില്ലുകൾ പരസ്പരം അറുത്തു. തേരുകൾ തകർത്തു. അശ്വങ്ങൾ ചത്തു. തേരാളികളും വീണു. ആയുധങ്ങളില്ലാതെ അവർ സിംഹങ്ങളെപ്പോലെ തമ്മിൽ കടിപിടികൂട്ടി. ക്ഷീണിതനായ സാത്യകിയെ ഭൂരിശ്രവസ്സ് ഒരു നിമിഷം എടുത്തുപൊക്കി നിലത്തെറിഞ്ഞു. തളർന്നു വീണ സാത്യകി എഴുന്നേല്ക്കാനൊരുങ്ങുമ്പോൾ ഭൂരിശ്രവസ്സ് ഉറയിൽ നിന്നു വാളൂരി. ഇതുകണ്ട് അകലെ നിന്ന അർജുനൻ ഗാണ്ഡീവത്തിൽ കത്തിയമ്പുതൊടുത്തു. പാഞ്ഞെത്തിയ പാർത്ഥബാണം ഭൂരിശ്രവസ്സിന്റെ ഉയർന്ന കരം മുറിച്ചുകളഞ്ഞു.

ചോരയൊലിക്കുന്ന അർദ്ധകരം ഇടതുകരം കൊണ്ടു ചേർത്തുപിടിച്ചു ഭൂരിശ്രവസ്സ് അർജുനന്റെ പ്രവൃത്തിയെ ചോദ്യം ചെയ്തു. യുദ്ധത്തിൽ അധർമം ചെയ്യുന്നത് അർജുനനെപ്പോലുള്ളവർക്കു ഭൂഷണമല്ല എന്നാക്ഷേപിക്കുകയും ചെയ്തു. അതിനു പാർത്ഥൻ നല്കിയ മറുപടി, നിരായുധനായ സാത്യകിയെ വധിക്കാനൊരുങ്ങിയതും അധർമമാണെന്നായിരുന്നു. മാത്രവുമല്ല, അഭയം യാചിക്കുന്നവനെ കൈവിടുന്നതു ക്ഷത്രിയധർമത്തിനു യോജിച്ചതുമല്ല. സാത്യകിയെ രക്ഷിക്കാൻ എനിക്കു കടമയുണ്ട്. അതു മാത്രമേ ഞാൻ ചെയ്തുള്ളു.

ഈ സമയത്തു സാത്യകി ഭൂരിശ്രവസ്സിന്റെ വീണു കിടന്ന വാളെടുത്ത് അയാളുടെ ശിരസ്സു ഛേദിച്ചു.

വീണ്ടും ജയദ്രഥനെ അന്വേഷിച്ചു കൃഷ്ണാർജുനന്മാർ മുന്നോട്ടു നീങ്ങി. ദ്രോണർ, അശ്വത്ഥാമാവ്, കൃപർ, ശല്യർ എന്നിവരാൽ സംരക്ഷിതനായി പടക്കളത്തിന്റെ ഒരു ഭാഗത്തു പതുങ്ങി നില്ക്കുകയായിരുന്നു ജയദ്രഥൻ. ഇത്തവണ അയാളെ ഒളിപ്പിക്കുന്നതിനവർക്കു കഴിഞ്ഞില്ല. അതിനു മുമ്പേ അർജുനൻ അയാൾക്കെതിരെ പാഞ്ഞടുത്തു.

അതു കണ്ടു ദുര്യോധനൻ കർണനോടു പറഞ്ഞു: കർണാ, ഇതാണു യുദ്ധത്തിനുള്ള സമയം. നീ നിന്റെ ബലവീര്യങ്ങൾ മുഴുവൻ ഇപ്പോൾ പ്രകടിപ്പിക്കണം. സൈന്ധവനെ രക്ഷിക്കണം. സൂര്യനസ്തമിക്കുന്നതുവരെ അർജുനനെ എതിരിട്ടു നിർത്താൻ കഴിയണം. സൂര്യനസ്തമിച്ചാൽ പ്രതിജ്ഞ പാലിക്കാൻ കഴിയാത്തവനായി അർജുനൻ തീയിൽ ചാടി മരിക്കും. അതോടെ പാണ്ഡവർ നിസ്സഹായരാകും. പിന്നെ അവർക്കു കാടുകയറുകയല്ലാതെ മറ്റൊരു പോംവഴിയുണ്ടാവില്ല. നിഷ്കണ്ടകമായ ഹസ്തിനപുരം നമ്മുടെ അധീനതയിലാകും. അവൻ ജയദ്രഥവധത്തിനു പ്രതിജ്ഞ ചെയ്തത് അവരുടെ വംശനാശത്തിനാണ്. രാധേയ, അജയ്യനായ നീയുള്ളപ്പോൾ ജയദ്രഥനെ അസ്തമയത്തിനു മുമ്പു വധിക്കാൻ അർജുനനെങ്ങനെ കഴിയും? ശല്യരും കൃപരും സുരക്ഷാവലയം തീർത്തു നില്ക്കുമ്പോൾ ജയദ്രഥനെ കൊല്ലാൻ അർജുനനെങ്ങനെ കഴിയും? അശ്വത്ഥാമാവും ദുശ്ശാസനനും ഞാനും തീർത്തിരിക്കുന്ന പ്രതിരോധ ദുർഗം ഭേദിച്ച് അർജുനൻ, ജയദ്രഥനെ വധിക്കുന്നതെങ്ങനെ? നമ്മളെല്ലാം കാത്തുനില്ക്കുന്നു, ആയിരക്കണക്കിനു വീരന്മാർ പൊരുതി മുന്നേറുന്നു. അർജുനനു ജയദ്രഥനെ തൊടാൻ പോലും സാധിക്കില്ല കർണാ, എനിക്കുറപ്പുണ്ട്.

ദുര്യോധനാ, കർണൻ പറഞ്ഞു: ഭീമന്റെ ലക്ഷ്യം തെറ്റാത്ത അമ്പുകളേറ്റു സർവാംഗം മുറിഞ്ഞിട്ടും ഞാൻ പിടിച്ചു നില്ക്കുകയാണ്.

എന്റെ ജീവിതം നിനക്കുവേണ്ടിയാണ്. സിന്ധുരാജനെ ധനഞ്ജയൻ വധിക്കാതിരിക്കാൻ ഞാനെന്റെ കൂർത്തു മൂർത്ത അമ്പുകൾ കൊണ്ടു പൊരുതും. പാണ്ഡവപുത്രനു നമ്മെ ജയിക്കാനാവില്ല. അതിനുവേണ്ടതൊക്കെ ഞാൻ ചെയ്യുന്നുണ്ട്. ജയം ദൈവനിശ്ചയമാണ്. നിന്റെ ഇഷ്ടത്തിനു വേണ്ടിയും ജയദ്രഥ രക്ഷയ്ക്കുവേണ്ടിയും ഞാൻ മുഴുവൻ ശക്തിയോടെ പോരാടും. എങ്കിലും ജയം ദൈവനിശ്ചയമാണ്. ഇപ്പോൾ ഞാൻ നിനക്കുവേണ്ടി പാർത്ഥനോട് എന്റെ പൗരുഷത്തിനൊത്തവിധം പടവെട്ടുന്നുണ്ട്. എങ്കിലും ജയം ദൈവനിശ്ചയമാണ്.

ഇത്രയും പറഞ്ഞു ശംഖു വിളിച്ചു രഥത്തിൽ കയറി കർണ്ണൻ അർജുനനെ നേരിടാൻ പുറപ്പെട്ടു. ദ്രോണരും അശ്വത്ഥാമാവും ദുര്യോധനനും ദുശ്ശാസനനും കൃപരും ശല്യരും ഒരേ സമയം പാണ്ഡവ സൈന്യത്തിനു നേരേ ഇരച്ചു കയറി. ഭീമാർജുനന്മാരും യുധിഷ്ഠിരനും നകുല സഹദേവന്മാരും ധൃഷ്ടദ്യുമ്നനും പാഞ്ചാലനും വിരാടനുമെല്ലാം സർവശക്തിയുമെടുത്തു കൗരവരെ തടഞ്ഞു. യുദ്ധം ആരുമാരും ജയിക്കാതെയും തോല്ക്കാതെയും നീണ്ടു പോയപ്പോൾ ശ്രീകൃഷ്ണൻ, അർജുനനോടു പറഞ്ഞു:

പാർത്ഥാ, ജയദ്രഥനെ വധിക്കുക എളുപ്പമല്ല. നേർയുദ്ധത്തിൽ പയ



പരുന്തുപോലെ പാഞ്ഞ ബാണം വൃക്ഷക്കൊമ്പിൽ നിന്നു പക്ഷിയെയെന്ന പോലെ ജയദ്രഥ ശിരസ്സു റാഞ്ചിയെടുത്തു. ഉത്തരക്ഷണത്തിൽ മറ്റൊരു ബാണം കൊണ്ട് ആ ശിരസ്സു പൊക്കിയെടുത്തു തപസ്സിരുന്ന വൃദ്ധക്ഷത്രന്റെ മടിയിൽ കൊണ്ടു വീഴ്ത്തി.

റ്റാനാവാത്ത ചില അടവുകൾ നമ്മളെടുക്കേണ്ടി വരും. തിന്മയെ ജയിക്കാൻ നന്മയ്ക്കു കഴിയാതെ വന്നാൽ തിന്മയെ തിന്മകൊണ്ടു തന്നെ നേരിടേണ്ടി വരും. മുള്ളെടുക്കുന്നതു മുള്ളുകൊണ്ടുതന്നെയാണല്ലൊ. ഞാനൊരു തന്ത്രമെടുക്കാം. ഞാൻ കൗരവർക്കെതിരെ ആയുധമെടുക്കില്ലെന്നല്ലേ പറഞ്ഞിട്ടുള്ളൂ. അവരെ തോല്പിക്കാൻ ശ്രമിക്കില്ലെന്നു പ്രതിജ്ഞയെടുത്തിട്ടില്ലല്ലോ. ഇപ്പോൾ സൂര്യൻ അസ്തമിച്ചതായും ഇരുട്ടു വീണതായും തോന്നും. അപ്പോൾ കൗരവർ ആർത്തു വിളിക്കും. ജയദ്രഥരക്ഷ അവർ മറക്കും. പാർത്ഥൻ അഗ്നിപ്രവേശം ചെയ്യുന്നതു കാണാൻ കാത്തിരിക്കും. ആ തക്കം നോക്കി ജയദ്രഥനെ വധിച്ചുകൊള്ളണം.

**കർണ്ണൻ പറഞ്ഞു:**

യത് കർത്തവ്യം മനുഷ്യേണ
വ്യവസായവതാ സദാ
തത് കാര്യമവിശങ്കേന
സിദ്ധിർ ദൈവേ പ്രതിഷ്ഠിതാ

*(യാതൊരു കർമ്മമാണോ മനുഷ്യർ ചെയ്യേണ്ടത്, അതു സംശയലേശമില്ലാതെ ഉത്സാഹപൂർവം ചെയ്തു കൊള്ളണം. ഫലം ദൈവമാണു തരുന്നത്.)*

ഇത്രയും പറഞ്ഞു ശ്രീകൃഷ്ണൻ സുദർശനചക്രം ആകാശത്തേക്കു വലിച്ചെറിഞ്ഞു. അതു പതുക്കെപ്പതുക്കെ ഉയർന്നുചെന്നു സൂര്യബിംബത്തെ മറച്ചു. സന്ധ്യയായി, സൂര്യനസ്തമിച്ചു എന്നു ധരിച്ചുവശായ കൗരവപ്പട ആർത്തുവിളിച്ചു. പാണ്ഡവരെ മുച്ചൂടും പരിഹസിച്ചു. കൂക്കി വിളികളും അട്ടഹാസങ്ങളുമുണ്ടായി. പാണ്ഡവ സൈന്യം ആകെ വിഷണ്ണരായി. പരാജയഭീതി കൊണ്ടു പരിഭ്രമചിത്തരായി.

ഈ തക്കം നോക്കി ശ്രീകൃഷ്ണൻ സുദർശനചക്രം പതുക്കെ പിൻവലിച്ചു തുടങ്ങി. ഒരു ഭാഗത്തെ മറവു നീങ്ങിയപ്പോൾ ഏതാനും സൂര്യകിരണങ്ങൾ കൗരവപ്പടയുടെ മധ്യഭാഗത്തു തെളിഞ്ഞു. ശ്രീകൃഷ്ണൻ, പാർത്ഥനെ തോണ്ടിപറഞ്ഞു: ദാ, നോക്കൂ, സൈന്യമധ്യത്തിൽ നിന്നു കൊണ്ടു ജയദ്രഥൻ ആകാശത്തേക്കു നോക്കുന്നു. ഗാണ്ഡീവം കുലയ്ക്കൂ. അർജുനബാണം ജയദ്രഥന്റെ തലയെടുക്കട്ടെ.

അർജുനൻ ഗാണ്ഡീവം കുലച്ചു. ജയദ്രഥന്റെ കഴുത്തു നോക്കി ബാണം തൊടുത്തു. അപ്പോൾ പെട്ടെന്നു തടഞ്ഞുകൊണ്ടു ശ്രീകൃഷ്ണൻ പറഞ്ഞു: ഒരു കാര്യം ഓർക്കണം. ഈ ജയദ്രഥന്റെ പിതാവു വൃദ്ധക്ഷത്രൻ മകനൊരു വരം നല്കിയിട്ടുണ്ട്. അവന്റെ ശിരസ്സ് ആരാണോ അറുത്തു ഭൂമിയിൽ വീഴ്ത്തുന്നത് അവന്റെ തല നൂറായി പൊട്ടിച്ചിതറുമെന്ന്. അതുകൊണ്ടു ജയദ്രഥന്റെ തല ഭൂമിയിൽ വീഴരുത്. അവന്റെ പിതാവ് ഇപ്പോൾ സമന്തപഞ്ചകത്തിനു വെളിയിൽ തപസ്സിരിക്കുകയാണ്. മകന്റെ തല അയാളുടെ മടിയിൽ കൊണ്ടു പോയി വീഴ്ത്തണം.

ഇതു കേട്ട അർജുനൻ ഞാൺ വലിച്ചു. പരുന്തുപോലെ പാഞ്ഞ ബാണം വൃക്ഷക്കൊമ്പിൽ നിന്നു പക്ഷിയെയെന്ന പോലെ ജയദ്രഥശിരസ്സു റാഞ്ചിയെടുത്തു. ഉത്തരക്ഷണത്തിൽ മറ്റൊരു ബാണം കൊണ്ട് ആ ശിരസ്സു പൊക്കിയെടുത്തു തപസ്സിരുന്ന വൃദ്ധക്ഷത്രന്റെ മടിയിൽ കൊണ്ടു വീഴ്ത്തി. സംഭ്രമചിത്തനായി പെട്ടെന്നു ചാടിയെണീറ്റ ആ പിതാവിന്റെ മടിയിൽ നിന്നു മകന്റെ ശിരസ്സു മണ്ണിൽ വീണു. ചക്കിനു വച്ചതു കൊക്കിനു കൊണ്ടു. ശാപം തനിക്കു തന്നെ ഫലിച്ചു. ആ പുത്രവത്സലന്റെ തല നൂറായി തകർന്നു ചിതറി!

പെട്ടെന്ന് ആകാശം തെളിഞ്ഞു. ദാ, സൂര്യൻ ചക്രവാളച്ചെരുവിൽ തിളങ്ങി നില്ക്കുന്നു! സംഭവിച്ചതെന്തെന്നറിയാതെ കൗരവ സൈന്യം തമ്മിൽ തമ്മിൽ നോക്കി. പിന്നെ ജയദ്രഥനെ തിരഞ്ഞു. കണ്ടവർ കണ്ടവർ ഞെട്ടി. ജയദ്രഥന്റെ ഉടലിൽ ശിരസ്സുണ്ടായിരുന്നില്ല!

*(തുടരും)*

## അറിയേണ്ടും കാര്യങ്ങൾ

### ബ്രിട്ടണിൽ ആയുർദൈർഘ്യം വർധിക്കുന്നു



**അ**മിതവണ്ണമുയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളെയടക്കം പിന്തള്ളി ബ്രിട്ടണിൽ ആയുർദൈർഘ്യം വർധനവു രേഖപ്പെടുത്തുന്നു. അമേരിക്കയിലെക്കാൾ ബ്രിട്ടണിലെ ആരോഗ്യമേഖല മികവു പുലർത്തുന്നതായും ലണ്ടൻ സ്കൂൾ ഓഫ് ഹൈജീൻ ആന്റ് ട്രോപ്പിക്കൽ മെഡിസിനിലെ പ്രൊഫസർ ഡേവിഡ് ലിയോണിന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ പറയുന്നു. എന്നാൽ ബ്രിട്ടണിലെ ആരോഗ്യമേഖലയും നിരവധി വെല്ലുവിളികളെയാണു നേരിടേണ്ടി വന്നിരിക്കുന്നത്. ഹൃദയസംബന്ധമായ അസുഖങ്ങളുടെ വ്യാപനം കഴിഞ്ഞ നാലു പതിറ്റാണ്ടത്തെ ഏറ്റവും ഉയർന്ന നിരക്കിലെത്തിക്കഴിഞ്ഞു. 2007ൽ അമേരിക്കയിൽ 78 വയസ്സായിരുന്നു ശരാശരി ആയുർദൈർഘ്യമെങ്കിൽ ബ്രിട്ടണിൽ അത് 80 വയസ്സായിരുന്നു. ഏറ്റവും ഒടുവിലെ കണക്കുപ്രകാരം ബ്രിട്ടണിലെ സ്ത്രീ-പുരുഷ ആയുർദൈർഘ്യം യഥാക്രമം 82.6, 78.4 വയസ്സുമാണ്. ആയുർദൈർഘ്യത്തിൽ വർധനവു രേഖപ്പെടുത്തുന്നുണ്ടെങ്കിലും രോഗബാധിതരായവരുടെ എണ്ണം എല്ലാ രാജ്യത്തും കുതിച്ചുകൊണ്ടിരിക്കുകയാണ്. നൂതന ചികിത്സാരീതികളും മരുന്നുകളും കൊണ്ട് ആയുർദൈർഘ്യം വർധിക്കുന്നുണ്ടെങ്കിലും അനാരോഗ്യകരമായ ജീവിതരീതികളും ഭക്ഷണക്രമവും മലീമസമായിക്കൊണ്ടിരിക്കുന്ന അന്തരീക്ഷവുമെല്ലാം മനുഷ്യരെ ചെറുപ്പകാലത്തു തന്നെ രോഗിയാക്കുന്നു. ●

മറുവശം

പി.എൻ.കൃഷ്ണൻ

# ഒരു മുഖ്യമന്ത്രിയുടെ സാംസ്കാരിക മലിനീകരണം

യുഡിഎഫിൽ കലാപകാലമാണത്രെ. അതുകൊണ്ടു തങ്ങൾക്കു വളരെ എളുപ്പത്തിൽ ജയിച്ചു കയറാം എന്ന സ്വപ്നം കണ്ടു നടക്കുകയാണ് എൽഡിഎഫ് നേതാക്കൾ.

2006ൽ കൊടുത്ത വാഗ്ദാനങ്ങളെല്ലാം പാലിച്ചു കഴിഞ്ഞു. ഇനി കേരളത്തെ സ്വർഗമാക്കാൻ ഒരു ടേം കൂടി കിട്ടിയാൽ മതിയത്രെ! കേരളീയരെല്ലാം തങ്ങളെപ്പോലെ തന്നെ മന്ദബുദ്ധികളാണെന്ന ഉറച്ച വിശ്വാസമായിരിക്കണം ഈ മേനിപറച്ചിന്റെ പിന്നിലുള്ളത്.

മുഖ്യമന്ത്രി അച്യുതാനന്ദന് 2006ലേതുപോലെ ഇപ്പോഴും പറയാനുള്ളതു യുഡിഎഫ് നേതാക്കളെ കൂട്ടത്തോടെ പൂജപ്പുരയിലേക്കയയ്ക്കും എന്നാണ്! ബാലകൃഷ്ണപിള്ളയെ അവിടെ എത്തിക്കാൻ തികച്ചും യാദൃച്ഛികമായി കഴിഞ്ഞതു തന്റെ മിടുക്കുകൊണ്ടാണെന്ന ആവേശത്തിലാണു മുഖ്യമന്ത്രി. സ്വന്തം നേട്ടങ്ങളൊന്നുമല്ല അഞ്ചുവർഷത്തിനുശേഷം അദ്ദേഹത്തിന് എടുത്തു കാണിക്കാനുള്ളത്. മറിച്ചു യുഡിഎഫ് നേതാക്കൾക്കെതിരെ കുറെ കേസുകളും അന്വേഷണങ്ങളും ഒപ്പിച്ചെടുക്കുക എന്നതാണ്. അധികാരം കൈവശമുണ്ടെങ്കിൽ, ജനാധിപത്യമര്യാദ തെല്ലുമില്ലാത്ത ചിലർക്ക് ഇങ്ങനെയൊക്കെ കാട്ടിക്കൂട്ടാൻ വിഷമവുമില്ല.

മുഖ്യമന്ത്രി കേരളത്തിലുടനീളം നടത്തുന്ന പ്രചാരണ പ്രസംഗങ്ങൾ ശ്രദ്ധിക്കുന്നവർ ലജ്ജിച്ചുപോകും. ഒരു മുഖ്യമന്ത്രിക്കു പറയാനുള്ളത് ഇതൊക്കെയാണോ? കോൺഗ്രസിന്റെ സ്ഥാനാർത്ഥി പട്ടികയിൽ പുതുമുഖങ്ങൾ ഏറെയുണ്ട് എന്ന വാർത്തയോടദ്ദേഹം പ്രതികരിക്കുന്നത് അക്കൂട്ടത്തിൽ ജയിലിൽ പോകാൻ പാകത്തിലുള്ളവർ ഇല്ലാതിരിക്കട്ടെ എന്നാണ്!

തന്റെ ആരോഗ്യരഹസ്യം വെളിപ്പെടുത്താൻ അദ്ദേഹം വലിയ ആവേശത്തോടെ പറയുന്നതു തനിക്കു രണ്ടു ദോഷങ്ങൾ ഇല്ലെന്നാണ്. മദ്യപാനവും പെണ്ണുപിടുത്തവും. മൂന്നേകാൽ കോടി കേരളീയരെയും ആക്ഷേപിക്കുകയാണൊരു മുഖ്യമന്ത്രി. ഇവിടെ ആരോഗ്യക്കുറവുള്ളവരും ഹ്രസ്വായുസ്സുകളായി പോകുന്നവരുമെല്ലാം മദ്യപന്മാരും പെണ്ണുപിടിയന്മാരുമാണെന്നാണോ മുഖ്യമന്ത്രിയുടെ അഭിപ്രായം! ഹൃദ്രോഗം, കാൻസർ, മറ്റു മാരക രോഗങ്ങൾ എന്നിവയെല്ലാം ഒട്ടേറെപ്പേരുടെ ആരോഗ്യം നഷ്ടപ്പെടുത്താറുണ്ട്. ആയുസു കുറച്ചുകളയാറുണ്ട്. അതെല്ലാം മുഖ്യമന്ത്രിപറയുന്ന ദോഷങ്ങളുടെ ഫലമാണോ?

മദ്യം, ഉള്ള രോഗത്തെ ത്വരിതപ്പെടുത്തുകയും പ്രതിരോധശേഷി കുറച്ചുകളയുകയും ചെയ്യാറുണ്ട് എന്നതിനപ്പുറത്ത് ഏതെങ്കിലും രോഗം ഉണ്ടാക്കും എന്ന് ആരെങ്കിലും പറഞ്ഞാൽ അയാളുടെ ശാസ്ത്രവിജ്ഞാനത്തെപ്പറ്റി നമ്മൾ സഹതപിക്കേണ്ടി വരും. പെണ്ണുപിടിച്ചാൽ ആരോഗ്യം കുറയുന്നതു പോലീസിന്റേയോ മറ്റോ ഇടി കൊണ്ടിട്ടാവാം. അല്ലാതെ, അതിനാൽ തന്നെ ആരോഗ്യം നഷ്ടപ്പെടുമെന്നാണു മുഖ്യമന്ത്രിയുടെ സൂചനയെങ്കിൽ ശരീരശാസ്ത്ര വിജ്ഞാനം അദ്ദേഹത്തിനു വളരെ കഷ്ടിയാണെന്നേ പറയേണ്ടൂ.

അതല്ല, അദ്ദേഹത്തിന്റെ വാദങ്ങൾ അപ്പാടെ ശരിയാണെന്നിരിക്കട്ടെ എങ്കിൽ ആ രണ്ടു ദോഷങ്ങളും ഇല്ലായ്മ ചെയ്യാൻ മുഖ്യമന്ത്രിയെന്ന നിലയിൽ അദ്ദേഹം എന്തൊക്കെ നടപടികളെടുത്തു? മദ്യം നിരോധിച്ചോ? മദ്യഷാപ്പുകളെല്ലാം പൂട്ടിയോ? ഇല്ല. എന്നല്ല, അദ്ദേഹം അധികാരമേറ്റകാലത്തുള്ളതിനെക്കാൾ ഇരട്ടിയെങ്കിലുമായില്ലേ കേരളത്തിലെ മദ്യഷാപ്പുകളുടെ എണ്ണം?

സ്ത്രീപീഡന കേസുകളുടെ എണ്ണം അദ്ദേഹം അധികാരമേറ്റതിനുശേഷം കൂടിയോ കുറഞ്ഞോ? അദ്ദേഹം കൈയാമം വയ്ക്കുമെന്നു പറഞ്ഞ ഏതെങ്കിലും സ്ത്രീപീഡനക്കാരന്റെ കൈയിൽ ആമം വീണോ? കവിയൂരിലെ പെൺകുട്ടിയുടെ കുടുംബം ഒന്നാകെ ആത്മഹത്യചെയ്തില്ലേ? കിളിരൂർ പെൺകുട്ടിയുടെ അച്ഛനമ്മമാരെ അറസ്റ്റു ചെയ്തതല്ലേ നേട്ടം?

2006ൽ അദ്ദേഹം ഓടി നടന്നു നടത്തിയതും ഇത്തരം വിലകുറഞ്ഞ പ്രസംഗങ്ങളായിരുന്നു. അന്നു യുഡിഎഫിന്റെ മുഖം കുറെ മുഷിഞ്ഞു പോയതുകൊണ്ടും ഗ്രൂപ്പുകളികൾ സർവകാല റിക്കാർഡിലെത്തിയിരുന്നതുകൊണ്ടും സഹികെട്ട സമ്മതിദായകർ ഇടതുപക്ഷത്തെ അധികാരത്തിലേറ്റിയെന്നല്ലേയുള്ളൂ? ഇന്നു തുരുമ്പെടുത്ത പഴഞ്ചൻ ആയുധങ്ങളുമായി പടവെട്ടാനിറങ്ങുന്നതു കുറെ സാഹസമാണെന്ന ദ്ദേഹം ഓർക്കുന്നതു നന്ന്.



നാണംകെട്ടവന്റെ ദേഹത്തെവിടെയോ ആലു കിളിർത്താൽ അതും തണലായി കരുതുമത്രെ. അതിൽ നിന്നൊട്ടും വ്യത്യസ്തമല്ല, സാംസ്കാരിക മലിനീകരണം സൃഷ്ടിക്കുന്ന മുഖ്യമന്ത്രിയുടെ പ്രസംഗങ്ങൾ! ●



# ബാലലോകം




## കൊച്ചുലിങ്കൺന്റെ നായസ്നേഹം

*പ്രിയ കൂട്ടുകാരേ,*

**നാ**യ്ക്കളും മനുഷ്യരും തമ്മിലുള്ള ബന്ധത്തിനു നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. വിശ്വസ്തതയുടെ പ്രതീകമായി നായ്ക്കൾ അറിയാൻ തുടങ്ങിയിട്ടും കാലമേറെയായി. ലോകപ്രസിദ്ധരായ പല സാഹിത്യകാരന്മാരും നായ്ക്കളെ കഥാപാത്രങ്ങളാക്കി വളരെ ശ്രദ്ധേയമായ കഥകളും കവിതകളും നോവലുകളും രചിച്ചിട്ടുണ്ട്. മലയാള സാഹിത്യത്തിലും നായ്ക്കളുടെ സാന്നിധ്യം കുറവല്ല.

തകഴിയുടെ 'അവന്റെ സ്മരണകൾ', കെ.ബാലകൃഷ്ണന്റെ 'പ്ലൂട്ടോ പ്രിയപ്പെട്ട പ്ലൂട്ടോ' എന്നീ നോവലുകൾ നായ്ക്കളെ കേന്ദ്രീകരിച്ചുള്ളവയാണ്. മഹാകവി ഉള്ളൂരിന്റെ 'കാവല്ക്കാരൻ' എന്ന കുട്ടിക്കവിത ഒരു കാലത്തു നമ്മുടെ പ്രൈമറി പാഠപുസ്തകങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു.

"നമ്മുടെ വീടിനു കാവല്ക്കിടക്കും
നായൊരു നല്ല മൃഗം.
നമ്മെക്കാണുന്നളവതു കാട്ടും
നന്ദി മറക്കാമോ?" –

എന്ന വരികൾ ഇന്നും പലരുടെയും ചുണ്ടിലുണ്ടാകും. കുറ്റവാളികളെ തേടിപ്പിടിക്കുന്ന പോലീസ് നായ്ക്കളും, അമ്പരപ്പിക്കുന്ന അഭ്യാസങ്ങൾ കാണിക്കുന്ന സർക്കസ് നായ്ക്കളും നമുക്കു സുപരിചിതരാണ്. ബുദ്ധിയുടെയും നിസ്വാർത്ഥമായ യജമാനസ്നേഹത്തിന്റെയും കാര്യത്തിൽ നായയെക്കാൾ മുന്നിൽ മറ്റൊരു വളർത്തുമൃഗവും ഇല്ലെന്നു തന്നെ പറയാം.

ചരിത്രത്തിലെ പല മഹാന്മാരും നായ്ക്കളെ വാത്സല്യപൂർവം കണ്ടിരുന്നവരാണ്. കുഞ്ഞുങ്ങളുടെ കളിത്തോഴനായ ചാച്ചാജിയും നായ്ക്കളെ കൂടുതലായി സ്നേഹിച്ചിരുന്നു. ലോകനേതാക്കൾ പലരും തങ്ങളുടെ വളർത്തു നായയോടു പുലർത്തുന്ന സ്നേഹത്തിൽ പലപ്പോഴും ശ്രദ്ധ പിടിച്ചുപറ്റുന്നവരാണ്.



ഒരിക്കൽ അമേരിക്കയിലെ ഒരു ഗ്രാമം മുഴുവൻ പകർച്ചവ്യാധി പിടിപെട്ടു. അതിന്റെ പിടിയിൽനിന്നു രക്ഷപ്പെടാൻ ആളുകൾ നെട്ടോട്ടമോടുകയാണ്. എന്നാൽ, ഒരു പാവപ്പെട്ട കുടുംബത്തിന് അവിടെനിന്നു രക്ഷപ്പെടാൻ ഒരു പുഴ കടക്കേണ്ടതുണ്ടായിരുന്നു. വളരെ പണിപ്പെട്ട് ആ കുടുംബം പുഴ കടന്നു. പക്ഷേ, തങ്ങൾ ഓമനിച്ചുവളർത്തുന്ന വിശ്വസ്തനായ നായയെ കൂടെ കൊണ്ടുപോകാൻ അവർക്കു കഴിഞ്ഞില്ല. പേടിച്ച് ഉറക്കെ മോങ്ങിക്കൊണ്ട് ആ നായ പുഴയുടെ അക്കരെനിന്നു. സ്വന്തം യജമാനന്മാർ കൺവെട്ടത്തുനിന്നു പോയ് മറഞ്ഞപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

പുഴ കടന്നുപോയ യജമാനന്മാരെ ഓർത്തുകൊണ്ടു പാവം നായ് ഉച്ചത്തിൽ വീണ്ടും വീണ്ടും കുരയ്ക്കാൻ തുടങ്ങി. അവന്റെ യജമാനസ്നേഹം ആരുടെയും കരളലിയിക്കുന്നതായിരുന്നു. പക്ഷേ, അതിനെ കൂടെ കൊണ്ടുപോരുക അത്ര എളുപ്പമായിരുന്നില്ല. പട്ടിയുടെ കുര കേൾക്കാത്ത മട്ടിൽ ആ കുടുംബം അക്കരെയെത്തി. വീണ്ടും യാത്ര തുടരാനായി അവർ ഒരു കാളവണ്ടിയിൽ കയറി. അപ്പോഴും നായയുടെ ദയനീയമായ നിലവിളി ഉറക്കെ മുഴങ്ങിക്കൊണ്ടിരുന്നു. കുടുംബത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മകന് ഈ അനീതി ക്ഷമിക്കാൻ കഴിഞ്ഞില്ല. തന്റെ പ്രിയങ്കരനായ കൂട്ടുകാരന്റെ ശബ്ദം അവനെ പിടിച്ചുനിറുത്തി.

ആ ചെറുപ്പക്കാരൻ കാളവണ്ടിയിൽനിന്നു ചാടിയിറങ്ങി പുഴയുടെ മറുകരയിലേക്കു തിരിച്ചുനീന്തി. ഒട്ടും താമസിയാതെ സാഹസികനായ ആ കൊച്ചുമിടുക്കൻ നായയെയുംകൊണ്ടു നീന്തിത്തുടിച്ചു കാളവണ്ടിക്കരികിലെത്തി.

വീട്ടുകാരും കാണികളും കൗതുകത്തോടും അത്ഭുതത്തോടും കൂടി അവനെ നോക്കി. പില്ക്കാലത്ത് അമേരിക്കൻ പ്രസിഡണ്ടായിത്തീർന്ന ഏബ്രഹാം ലിങ്കണായിരുന്നു ആ കൊച്ചുധീരൻ! നായയോടുള്ള അദ്ദേഹത്തിന്റെ സ്നേഹം നമുക്കും ഒരു നല്ല പാഠമാണ്; അല്ലേ?

*സസ്നേഹം*

**സിപ്പിയങ്കിൾ**

### അക്ഷരഗാനം

## മൗ

**മൗ**നം വെടിയുക മാളോരേ!
**മൗ**നം പൂണ്ട വിഷാദങ്ങൾ!!
**മൗ**ലിക ചിന്തകളുണരുമ്പോൾ
**മൗ**ഢ്യമല്ലെന്നോർത്തിടുവിൻ!

**മാത്യു കാരാംവേലി**




**തു**റന്ന ജെയിൽ മാതിരിയുള്ള ആ കോമ്പൗണ്ടിലെ ജോലികളൊക്കെ കുട്ടികളെ കൊണ്ടു ചെയ്യിക്കുമായിരുന്നു. അതിനു ശേഷം വൈകുന്നേരമാണു മുറിയിലേക്കു കൊണ്ടുപോകുക.

അന്നു പണിയൊക്കെ കഴിഞ്ഞപ്പോൾ ബിജു ഒരു മരത്തിൽ കയറി ഒളിച്ചിരുന്നു.

രാത്രി വൈകി.

ഒന്നരയാൾ പൊക്കമുള്ള മരമാണ്. ആ കോമ്പൗണ്ടിനു ചുറ്റും നേരം നന്നേ ഇരുട്ടിയപ്പോൾ ആരോരുമറിയാതെ അവൻ മതിൽ വലിഞ്ഞു കയറി പുറത്തേക്കു ചാടി.

തങ്ങളുടെ കുടിൽ ഇരുന്ന സ്ഥാനത്ത് വെറുമൊരു മൺകൂന മാത്രം.

അതു കണ്ടപ്പോൾ ബിജുമോന്റെ നെഞ്ചിടിച്ചു. തങ്ങളുടെ വീടെവിടെ- തന്റെ അനിലമോൾ എവിടെ?

അയൽക്കാർ വിവരം പറഞ്ഞുകൊടുത്തു.

അവനെ പോലീസുകാർ പിടിച്ചു കൊണ്ടുപോയ അന്ന് ഉച്ചയോടെ അനിലമോൾ സ്കൂളിൽ നിന്നും തിരിച്ചെത്തി. തന്റെ സഹോദരനെ പോലീസുകാർ പിടിച്ചുകൊണ്ടു പോയതറിഞ്ഞ് അവൾ ഉച്ചത്തിൽ നിലവിളിച്ചു.

രാത്രിയിൽ ഉറങ്ങിയോ എന്നുപോലും സംശയം.

പിറ്റേന്ന് അവൾ സ്കൂളിൽ പോയതുമില്ല. രാവിലെയും ഉച്ചയ്ക്കുമൊക്കെ അയൽക്കാർ ആരൊക്കെയോ വിളിച്ച് ആഹാരം കൊടുത്തു. അപ്പോഴെല്ലാം അവൾ തിരക്കുമായിരുന്നു.

എന്റെ ബിജുച്ചായൻ എപ്പോൾ തിരിച്ചുവരും?

ആർക്കും ഉത്തരമില്ലായിരുന്നു.

ആ കുടിലിൽ ഒറ്റയ്ക്ക് അന്തിയുറങ്ങാൻ ഭയമായിരുന്നതിനാൽ അവൾ രാത്രിയാകുമ്പോൾ അടുത്തുള്ള ഏതെങ്കിലും വീട്ടിൽ അഭയം തേടുമായിരുന്നു. പകൽ സമയത്തു തന്റെ കുടിലിലേക്കു തന്നെ അവൾ മടങ്ങും.

ഏതാനും ദിവസങ്ങൾ കടന്നുപോയി.

അങ്ങനെയിരിക്കെ പെട്ടെന്നൊരു നാൾ അവൾ അപ്രത്യക്ഷയായി.

അനിലമോൾ എങ്ങോട്ടുപോയി?

ആർക്കും അറിഞ്ഞുകൂടായിരുന്നു.

ആരും അതേപ്പറ്റി കൂടുതൽ അന്വേഷിച്ചുമില്ല.

പക്ഷേ, ബിജുവിന്റെ ഹൃദയം തകർന്നുപോയി. തന്റെ കുഞ്ഞനുജത്തി. തന്റെ പ്രിയപ്പെട്ട അനിലമോൾ. അവൾക്കുവേണ്ടി മാത്രമാണു താൻ ജീവിച്ചത്. കഷ്ടപ്പാടുകളൊക്കെ സഹിച്ചതും അവൾക്കുവേണ്ടിമാത്രം. പക്ഷേ, ഇന്നവൾക്ക് എന്തുപറ്റി?

അവൻ ഉത്കണ്ഠാകുലമായ മനസ്സോടെ തിരിച്ചുനടന്നു.

അന്തിയുറങ്ങുവാൻ ഇനി വീടുപോലുമില്ല. ഓലക്കുടിൽ ഉണ്ടായിരുന്നതു കാറ്റിലും മഴയിലും തകർന്നു കിടക്കുന്നു.

അനിലമോൾ ഇല്ലാതെ. അവളെകണ്ടെത്താതെ, ഇനി തനിക്കു സമാധാനമായി ഒരിടത്തും അന്തിയുറങ്ങുവാൻ ആവില്ല.

വിശപ്പില്ല-ദാഹമില്ല. അനിലമോളെ കണ്ടെത്തണമെന്നുള്ള ഒരൊറ്റ ആഗ്രഹം മാത്രം.

സ്കൂൾ പിരിയുന്ന നേരത്ത് അവൻ തന്റെ മാതൃവിദ്യാലയത്തിനു മുമ്പിൽ പോയി നിന്നു. നിരനിരയായി സ്കൂളിൽ നിന്നും ഇറങ്ങിവരുന്ന കുട്ടികളുടെ കൂട്ടത്തിലെങ്ങാനും തന്റെ അനിലമോളുണ്ടാവുമോ?

ഇല്ല, പുസ്തകക്കെട്ടുമായി വരുന്ന കുട്ടികളുടെ കൂട്ടത്തിലൊന്നും തന്റെ കൊച്ചനുജത്തിയില്ല.

ബിജുവിന്റെ കണ്ണുകൾ നിറഞ്ഞു പോയി.

തന്റെ സഹോദരിയെ പഠിപ്പിച്ച് മിടുക്കിയാക്കുവാൻ എന്തൊരാശയായിരുന്നു. അതിനുവേണ്ടി എന്തു കഷ്ടപ്പാടു സഹിക്കുവാനും താൻ തയ്യാറായിരുന്നു. ഒരു ചെറിയ മോഷണം നടത്തുവാൻ പോലും തുനിഞ്ഞത് അതിനുവേണ്ടിമാത്രമാണ്.

എല്ലാം വിഫലമായി.

അവൻ നിരാശയോടെ വീണ്ടും മുന്നോട്ടു നടന്നു.

എങ്ങോട്ട്? അവനുതന്നെ അറിഞ്ഞുകൂടാ എങ്കിലും നടക്കുവാൻ ഏറെ ദൂരമുണ്ട്. തെരയുവാൻ ഏറെ ഇടമുണ്ട്. എങ്ങനെയും തന്റെ കുഞ്ഞനുജത്തിയെ കണ്ടെത്തണം.

വയറ്റിൽ വിശപ്പു കത്തിക്കാളുമ്പോഴും അനിലമോളെ തിരയുന്ന കണ്ണുകളുമായി അവൻ നടന്നു.

രാത്രിയായി.

പൈപ്പുവെള്ളം കുടിച്ചു വയറു നിറച്ചിട്ട് ഒരു കടത്തിണ്ണയിൽ അവൻ ഉറങ്ങാൻ കിടന്നു.

നല്ല തണുപ്പുള്ള രാത്രി.

വെളുപ്പിനു തന്നെ അവൻ ഉറക്കമുണർന്നു.

പൈപ്പുവെള്ളം കുടിച്ചിട്ടു വീണ്ടും യാത്ര.

സമയം പത്തുമണിയായിക്കാണും. തെരുവീഥികളിൽ തിരക്കേറിത്തുടങ്ങി. ഒരു നീലനിറത്തിലുള്ള മാരുതിക്കാർ അവന്റെ മുന്നിലൂടെ അതിവേഗത്തിൽ കടന്നുപോയി.

ആ കാറിന്റെ പിൻസീറ്റിൽ പരിചയമുള്ള ഒരു മുഖം.

അതു തന്റെ അനിലമോളായിരുന്നുവോ?

*(തുടരും)*

## വിജ്ഞാനദീപം



**നേ**രമിരുട്ടായിരുട്ടകറ്റീടുവാൻ
ദീപം തെളിക്കുന്നു സന്ധ്യകാലേ
മനസ്സിന്നകമേയിരുട്ടകറ്റീടുവാൻ
വിജ്ഞാനദീപം തെളിക്കുകയായ്

**തെരേസാ പീറ്റർ**

# അശോകസ്തംഭം

## സമാധാനത്തിന്റെയും ശക്തിയുടെയും പ്രതീകം

## ചില ചരിത്രദൃശ്യങ്ങൾ



സാരനാഥിലെ അശോകസ്തംഭശീർഷം: ഇന്ത്യയുടെ ദേശീയ ചിഹ്നം.



സിങ്കിസയിലുണ്ടായിരുന്ന അശോകസ്തംഭത്തിന്റെ ശീർഷം-ഗജപ്രതിമ



റാംപൂർവയിൽ നിന്നും കണ്ടെടുത്ത മറ്റൊരു അശോകസ്തംഭശീർഷം-സിംഹപ്രതിമ



മുസഫർപുരിലെ ബക്കിറയിലുള്ള അശോകസ്തംഭം-സിംഹപ്രതിമ



റാംപൂർവയിലുണ്ടായിരുന്ന അശോകസ്തംഭത്തിന്റെ ശീർഷം-വൃഷഭപ്രതിമ



ലൗര്യാനന്ദൻനഗറിലെ അശോകസ്തംഭം- സിംഹപ്രതിമ.

# പതാകകളും ദേശീയ പതാകയും



കുരുക്ഷേത്രയുദ്ധത്തിൽ ഭീഷ്മർ ഉപയോഗിച്ചിരുന്ന പതാക



കുരുക്ഷേത്രയുദ്ധത്തിൽ ദ്രോണാചാര്യർ ഉപയോഗിച്ചിരുന്ന പതാക



മഹാറാണാ പ്രതാപസിംഹൻ ഉപയോഗിച്ചിരുന്ന പതാക



മുഗൾ ചക്രവർത്തിമാരുടെ പതാക




1906ൽ രൂപം കൊണ്ട ആദ്യത്തെ പതാക



ഘാദർപാർട്ടി ഉപയോഗിച്ചിരുന്ന പതാക



ഡോ. ആനിബസന്റും ലോകമാന്യ തിലകനും കൂടി 1971ൽ രൂപം നല്കിയ പതാക



1921ൽ മഹാത്മാഗാന്ധി അംഗീകരിച്ച പതാക



ദേശീയ പതാക

# ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കാർഷികമേഖലയ്ക്ക് ഉണർവു പകരണം

(12-ാം പേജിൽ നിന്നു തുടർച്ച)

ഗ്രാമീണ കൃഷിയിടങ്ങളിൽ പണിയെടുക്കുമ്പോൾ അതിന്റെ പ്രയോജകരായ കൃഷിക്കാർ ഒരു തൊഴിലാളിക്കു 100 രൂപാ ക്രമത്തിൽ പഞ്ചായത്തിൽ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുവാൻ വ്യവസ്ഥയുണ്ടാകണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ പ്രായോജകരാകുമ്പോൾ ഒരു തൊഴിലാളിക്ക് 25 രൂപാ ക്രമത്തിൽ രജിസ്ട്രേഷൻ മുടക്കുകയും അങ്ങനെ നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഫണ്ട് എന്ന പേരിൽ ഒരു ക്ഷേമനിധി സ്വരൂപിക്കുകയും ഈ തുക കേന്ദ്ര സർക്കാരിന്റെ ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ ചിലവിലേക്കായി മാറ്റിവയ്ക്കുകയും ചെയ്യണം. ഇത്തരത്തിൽ ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കൃഷിക്കാരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൂട്ടായ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിലൂടെ നാടിനു പ്രയോജനം കിട്ടുന്ന രീതിയിൽ ഈ പദ്ധതിയെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം. അതല്ലെങ്കിൽ നമ്മുടെ കാർഷിക മേഖലയുടെ പതനത്തിലും കാർഷിക വിളകളുടെ ഭയാനകമായ ദൗർലഭ്യത്തിനും വഴി വയ്ക്കുന്നതിന് ഈ പദ്ധതി കാരണമാകും!

തരിശായി കിടക്കുന്ന പാടശേഖരങ്ങളുടെ വിസ്തൃതി വർധിക്കുന്നു. അതെല്ലാം റിയൽ എസ്റ്റേറ്റുകാരുടെ കൈകളിൽ വന്നുചേരുവാൻ ഇനി അധികകാലം കാത്തിരിക്കേണ്ടി വരില്ല. അതുപോലെ തന്നെ കേരളം മുഴുവൻ റബർ വളർന്നാൽ നാം രക്ഷപ്പെട്ടു എന്നു നമ്മുടെ ഭരണാധികാരികൾ കരുതുന്നുണ്ടെങ്കിൽ അത് അതിലും വലിയ ഭോഷത്തമായിരിക്കും. അങ്ങനെയായിരുന്നില്ലെങ്കിൽ ഇന്നു ദുബായ് പോലുള്ള രാജ്യങ്ങൾ നേരിടുന്ന സാമ്പത്തികമാന്ദ്യം എന്തു കൊണ്ടു സംഭവിച്ചു? യൂറോപ്യൻ രാജ്യങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾക്കു തൊഴിൽ നഷ്ടപ്പെടുവാൻ കാരണമെന്താണ്? ഒരു സത്യം നാം മനസ്സിലാക്കണം.

സാമ്പത്തിക പുരോഗതിയുടെ അടിസ്ഥാന ഘടകങ്ങൾ പരസ്പര പൂരകങ്ങളാണ്. ഒന്നു മറ്റൊന്നിനു പകരമാവില്ല. വ്യവസായങ്ങൾ വളരുകയും വർധിക്കുകയും ചെയ്യുമ്പോൾ കാർഷിക മേഖലയുടെ ബാധ്യത കൂടുകയാണു ചെയ്യുന്നത്. കൂടുതൽ പേർക്കു കൂടുതൽ അളവിൽ കൂടുതൽ മെച്ചമായിട്ട് ആഹാരം കൊടുക്കുന്നതിനുള്ള ബാധ്യത കാർഷിക മേഖലയിൽ വന്നു ചേരും. അതിനു കഴിഞ്ഞില്ലെങ്കിൽ നാണയപ്പെരുപ്പം ഉണ്ടാവുകയും സാധനങ്ങളുടെ വില വർധിക്കുകയും ചെയ്യും.



നാണയപ്പെരുപ്പം പുരോഗതിയുടെ ലക്ഷണമായി സാമ്പത്തികശാസ്ത്രം വിലയിരുത്താറുണ്ട്, കാരണം സാമ്പത്തിക പുരോഗതി വർധിക്കുന്നതനുസരിച്ചു ജനതയുടെ ക്രയവിക്രയശേഷി വർധിക്കുകയാണ്. ഇതുവഴി നിത്യോപയോഗ സാധനങ്ങൾക്കു കൂടുതൽ പണം മുടക്കുന്നതിനും ആർഭാടസാധനങ്ങൾ വാങ്ങിക്കൂട്ടുന്നതിനുമുള്ള ജനങ്ങളുടെ ഇച്ഛാശക്തിയും സാമ്പത്തികശേഷിയും മുമ്പത്തെക്കാൾ മെച്ചപ്പെടുന്നു. അതുവഴി ആവശ്യവും ഉപയോഗവും വർധിക്കും. ലഭ്യത കുറവായാൽ കച്ചവടക്കാർ വില വർധിപ്പിക്കും. അവശ്യ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും എല്ലാം തലവിധി ഇതായിരിക്കും.

ഇന്ത്യ കൈവരിച്ച സാമ്പത്തിക വളർച്ച കോർപ്പറേറ്റു മേഖലയിൽ മാത്രമാണെന്നു ചില സാമ്പത്തിക വിദഗ്ദ്ധർ പറയുന്നുണ്ട്. ഈ പരാമർശത്തിൽ അല്പം രാഷ്ട്രീയ ചുവ കൂടി ഇല്ലാതില്ല. കാരണം ഒരു നാടിന്റെ സാമ്പത്തികഘടനയിൽ ഉണ്ടാകുന്ന മാറ്റം ഒരു കാരണവശാലും ഒരു മേഖലയിൽ ഒതുങ്ങി നില്ക്കുന്നതല്ല. ഒരു മേഖലയുടെ സാമ്പത്തിക വളർച്ച മറ്റു മേഖലകളെ തീർച്ചയായും സ്വാധീനിക്കും എന്നതാണു യാഥാർത്ഥ്യം. കോർപ്പറേറ്റു മേഖലയുടെ ചുവടു പിടിച്ചു മറ്റു മേഖലയിലെ ശമ്പളവും വേതനവും വർധിച്ചുകൊണ്ടിരിക്കുകയാണ്.

അഞ്ചുവർഷങ്ങൾക്കു മുമ്പ് ഒരു സർക്കാർ ഉദ്യോഗസ്ഥനോ ഡോക്ടർക്കോ കിട്ടിക്കൊണ്ടിരുന്ന വേതനവും ഇന്നു കിട്ടുന്ന വേതനവും തമ്മിൽ മാറ്റമുണ്ട്. അന്നത്തെ ഒരു കർഷക തൊഴിലാളിയുടെ വേതനവും ഇന്നുള്ളതും വ്യത്യസ്തമാണ്. ഇതെല്ലാം വിരൽചൂണ്ടുന്നതു സാമ്പത്തിക പുരോഗതി ഏതെങ്കിലും ഒരു മേഖലയിൽ ഒതുങ്ങി നില്ക്കുകയില്ല എന്നുള്ളതാണ്. പുരോഗതിയുടെ മാനദണ്ഡം അടിസ്ഥാന സൗകര്യ വികസനത്തിൽ തുടങ്ങി കോർപ്പറേറ്റു മേഖലയുടെ വളർച്ചയുടെ വ്യവസായിക പുരോഗതിയിൽ എത്തുമ്പോൾ അതിനെ താങ്ങിനിർത്തേണ്ടതു കാർഷിക മേഖലയാണ് .

മറ്റു മേഖലകളുടെ വളർച്ചയ്ക്കൊപ്പം കാർഷിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ ദുർബലമാകും. ഈ വസ്തുത മനസ്സിലാക്കാതെയുള്ള പ്രവർത്തനങ്ങൾ രാജ്യപുരോഗതിയുടെ സന്തുലിതാവസ്ഥ തകിടം മറിക്കും.

അതുകൊണ്ടു കാർഷിക മേഖലയ്ക്ക് ആശ്വാസം പകരാൻ കഴിവുള്ള പദ്ധതികളെ നിസ്സാരമാക്കി കാണുകയും ലാഘവബുദ്ധിയോടെ സമീപിക്കുകയും ചെയ്താൽ അതിന്റെ പരിണത ഫലങ്ങൾക്കു നാം കണക്കു കൂട്ടുന്നതിലും വലിയ വില നല്കേണ്ടതായി വരും. ഈ വസ്തുതകൾ മനസ്സിലാക്കി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കൂടുതൽ ഉത്പാദനക്ഷമമായി നടപ്പിലാക്കാൻ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇനിയും വൈകിക്കൂടാ. ❖

# യു.ഡി.എഫ് പ്രകടനപത്രിക

# ജനക്ഷേമ ഭരണം വാഗ്ദാനം ചെയ്യുന്നു




നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങൾ വസ്തുനിഷ്ഠമായും യാഥാർത്ഥ്യബോധത്തോടെയും വാഗ്ദാനം ചെയ്യുന്ന ഐക്യജനാധിപത്യമുന്നണിയുടെ പ്രകടനപത്രിക വളരെ ശ്രദ്ധേയമാണ്. ബി.പി.എൽ കാർക്ക് മറ്റുള്ളവർക്കു ഒരു രൂപയ്ക്കും രണ്ടുരൂപയ്ക്കും പ്രതിമാസം 25 കിലോ അരി നല്കുമെന്നും 36 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നുമുള്ള വാഗ്ദാനങ്ങൾ രാഷ്ട്രീയ സ്റ്റണ്ടുകളല്ല. അതൊന്നും നടപ്പിലാക്കാൻ ഞങ്ങൾ സമ്മതിക്കില്ല എന്ന ശകുനം മുടക്കൽ തന്ത്രം മനസ്സിൽ വച്ചുകൊണ്ടാകണം യു.ഡി.എഫ് പ്രകടനപത്രിക ഒരു ഹിമാലയൻ തട്ടിപ്പാണെന്നു സി.പി.എം.സെക്രട്ടറി പിണറായി വിജയൻ പറഞ്ഞത്. ഹിമാലയത്തെക്കാൾ വലിയ പർവതമില്ലാത്തതുകൊണ്ട് എൽ.ഡി.എഫ് പത്രികയെ പിണറായി ശൈലിയിൽ വിശേഷിപ്പിക്കുക എളുപ്പമല്ല. അത്യാവശ്യമെങ്കിൽ 'ഒരു ഭൂലോക തട്ടിപ്പ്'എന്നു വിളിക്കാമെന്നേയുള്ളു!

യു.ഡി.എഫ് മുന്നോട്ടുവയ്ക്കുന്ന 30 കർമ പരിപാടികൾ താഴെ ചേർക്കുന്നു.

1 ബി.പി.എൽകാർക്ക് ഒരു രൂപയ്ക്കും മറ്റുള്ളവർക്കു രണ്ടുരൂപയ്ക്കും പ്രതിമാസം 25 കിലോ അരി നല്കും.

2. കരുതലോടെയുള്ള വികസനം വഴി 36.6 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

3. മൂന്നുശതമാനം പലിശനിരക്കിൽ കാർഷിക വായ്പ അനുവദിക്കും.

4. നെൽകർകർക്കു പലിശരഹിത വായ്പയും സബ്സിഡികളും ഉത്പാദനബോണസും നല്കും.

5. ശാരീരികശേഷി നഷ്ടപ്പെട്ട കർഷകനും കർഷകത്തൊഴിലാളിക്കും രണ്ടുലക്ഷം രൂപ ധനസഹായവും അവശതാ പെൻഷനും നല്കും.

6. കാർഷിക, വ്യവസായ മേഖലകളിലെ മുരടിപ്പു മാറ്റി ഉത്പാദനവും ഉത്പാദനക്ഷമതയും ഉയർത്തും.

7. സാമൂഹ്യ-സാമ്പത്തിക വികസനരംഗത്ത് ഇന്ത്യയിൽ ഒന്നാംസ്ഥാനത്തേക്കു കേരളത്തെ ഉയർത്തും.

8. മലയോരപ്രദേശങ്ങളുടെ സമഗ്രവികസനത്തിനു മലയോരവികസന അതോറിട്ടി രൂപവത്കരിക്കും.

9. എൻഡോസൾഫാൻ ഇരകളെ ദത്തെടുത്തു സംരക്ഷിക്കും.

10. ജീവൻരക്ഷാമരുന്നുകൾക്കു വില്പനനികുതി ഇളവു ചെയ്യും.

11. എല്ലാ വീടുകൾക്കും ഒരു വർഷത്തിനുള്ളിൽ വൈദ്യുതി.

12. വൃക്ക സംബന്ധമായ രോഗമുള്ള നിർധനർക്കു സൗജന്യ ചികിത്സ.

13. എല്ലാവർക്കും ആരോഗ്യ ഇൻഷുറൻസ് പദ്ധതി; ബി.പി.എല്ലുകാർക്കു സബ്സിഡി നല്കും.

14. അന്യസംസ്ഥാന ലോട്ടറിയുടെ ചൂഷണം പൂർണമായി നിരോധിക്കും.

15. കേന്ദ്രപാരിറ്റിയിൽ ശമ്പളവും പെൻഷനും നല്കും.

16. ശമ്പളപരിഷ്ക്കരണത്തിലെ അപാകങ്ങൾ പരിഹരിക്കും.

17. തുഞ്ചത്തെഴുത്തച്ഛന്റെ നാമധേയത്തിൽ സർവകലാശാല ആരംഭിക്കും.

18. അഞ്ചുവർഷംകൊണ്ട് 3000 മെഗാവാട്ടു വൈദ്യുതി അധികം ഉത്പാദിപ്പിക്കും.

19. വ്യാജമദ്യ മാഫിയ ഉൾപ്പെടെ എല്ലാ മാഫിയകളെയും കർശനമായി നിയന്ത്രിക്കും.

20. ക്ഷേമ പെൻഷനുകൾ വർധിപ്പിച്ചു ബാങ്കു വഴി എല്ലാമാസവും വിതരണം ചെയ്യും.

21. വിഴിഞ്ഞം തുറമുഖം സമയബന്ധിമായി നടപ്പിലാക്കും.

22. പോലീസുകാരുടെ പ്രവൃത്തിസമയം എട്ടുമണിക്കൂറാക്കും.

23. കൊച്ചി മെട്രോ റെയിൽ സമയബന്ധിതമായി പൂർത്തിയാക്കും.

24. ശബരിമല മാസ്റ്റർപ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കും.

25. പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കും.

26. അയ്യൻകാളിയുടെ നാമധേയത്തിൽ സർവകലാശാല സ്ഥാപിക്കും.

27. തദ്ദേശതിരഞ്ഞെടുപ്പിനായി രാജിവച്ച അങ്കണവാടി അധ്യാപകർക്കും ആയമാർക്കും പുനർനിയമനം നല്കും.

28. എൽ.പി.സ്കൂളുകളിൽ പ്രീ പ്രൈമറി ക്ലാസ്സുകൾ തുടങ്ങും.

29. ശങ്കരാചാര്യർ, ചട്ടമ്പസ്വാമികൾ, ശ്രീനാരായണഗുരു എന്നിവരുടെ ദർശനങ്ങൾക്ക് ആഗോളപ്രചാരണം നല്കും.

30. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനു ജലജാഗ്രതാ സമിതികൾ ഉണ്ടാക്കും. ❖

സാമൂഹികം

ഡോ.എം.എ.കുട്ടപ്പൻ

# ദളിതരുടെ ശത്രുവാര്, മിത്രമാര്?

തൊട്ടുകൂടായ്മ ഉൾപ്പെടെയുള്ള തിന്മകൾക്കെതിരായ പോരാട്ടങ്ങൾ ശക്തമായി മുമ്പോട്ടുകൊണ്ടുപോകുന്നതിൽ തങ്ങൾക്കു വീഴ്ച പറ്റിയതായി രണ്ടു വർഷം മുമ്പു സി.പി.എം. സെക്രട്ടറി ശ്രീ.പ്രകാശ് കാരാട്ട് പ്രസ്താവിച്ചത് ദളിത്-ആദിവാസി വിഭാഗങ്ങളുടെ കണ്ണുതുറപ്പിച്ചിട്ടുണ്ട്. കോയമ്പത്തൂരിൽ സമാപിച്ച പാർട്ടിയുടെ 19-ാം കോൺഗ്രസിന്റെ വിലയിരുത്തലിൽ കേരളത്തിലെ പാർട്ടിയിൽ നിന്ന് ദളിത് -ആദിവാസി വിഭാഗങ്ങൾ വ്യാപകമായി കൊഴിഞ്ഞുപോയതായും കണ്ടെത്തിയിട്ടുണ്ട്. സി.പി.എം. സംസ്ഥാനത്ത് ആറുപ്രാവശ്യം അധികാരത്തിൽ കയറിയിട്ടും അധികാരത്തിന്റെ താക്കോൽ സ്ഥാനങ്ങളിലും പാർട്ടിയിലെ ഉന്നത പദവികളിലും തങ്ങൾ തഴയപ്പെട്ടതായി അവർ തിരിച്ചറിഞ്ഞിരിക്കുന്നു. പലപ്പോഴും പ്രാദേശിക വിഷയങ്ങളുടെ പേരിൽ പാർട്ടിയിലെ ഇതരസഖാക്കളിൽ നിന്ന് തങ്ങൾക്ക് പീഡനവും അക്രമവും ഏറ്റുവാങ്ങേണ്ടി വരുന്നു എന്നും അവർ മനസ്സിലാക്കിക്കഴിഞ്ഞു.

യു.ഡി.എഫ്. സർക്കാർ ചിന്നക്കനാലിൽ ആദിവാസികൾക്കു നല്കിയ ഭൂമി മാർക്സിസ്റ്റുകാർ കയ്യേറിയതും ആറളം ഫാം കയ്യേറി ബലമായി വിളവെടുത്തതുമൊക്കെ അവരെ വേദനിപ്പിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷമായി പട്ടികസമുദായ വകുപ്പിൽ നിന്ന് തദ്ദേശഭരണ സ്ഥാപന ങ്ങൾക്കു കൈമാറിയ 630 കോടി രൂപയുടെ എസ്.സി.പി., ടി.എസ്.പി. ഫണ്ട് ഇതര മെമ്പർമാർ വകമാറി ചെലവഴിക്കുന്നത് നിശ്ശബ്ദരായി നോക്കി നില്ക്കാനേ പട്ടിക വിഭാഗമെമ്പർമാർക്കു കഴിഞ്ഞുള്ളു. കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളായ ദളിതർക്കു ലഭിച്ച ഭൂമി അച്യുതാനന്ദ വിഭാഗക്കാർ ടൂറിസം മാഫിയയ്ക്കു കൈമാറി. ചെങ്ങറ ഭൂസമരത്തെ പാർട്ടിയും സർക്കാരും തള്ളിപ്പറഞ്ഞു. സി.പി.എം-ൽ നിന്നു കൊഴിയുന്നവർ പൊതുവേ അക്രമം ഭയന്ന് ബി.ജെ.പി.യിലേക്കാണു ചേക്കേറാറുള്ളത്. എന്നാൽ ചേന്നങ്കരി പോലെയുള്ള സ്ഥലങ്ങളിൽ സി.പി.എം-ൽ നിന്നു രാജിവച്ചവർ കോൺഗ്രസിൽ ചേർന്നു പ്രവർത്തിക്കാൻ സന്നദ്ധരായിരിക്കുന്നു.



ജഗജീവൻ റാം

മഹാഭൂരിപക്ഷം ദളിതരും ഇക്കാലമത്രയും സി.പി.എം.ൽ പ്രവർത്തിച്ചിട്ടും ഒരൊറ്റ ദളിതനെപ്പോലും മുഖ്യമന്ത്രിയാക്കാനോ, പി.ബി. സെക്രട്ടറിയാക്കാനോ, പോളിറ്റ്ബ്യൂറോയിൽ അഗമാക്കാൻ പോലുമോ പാർട്ടി തയ്യാറായിട്ടില്ല.



മഹാത്മാഗാന്ധി

19-ാം പാർട്ടികോൺഗ്രസ് രൂപം നല്കിയ കേന്ദ്രക്കമ്മറ്റിയിലും ദളിതർക്കു പ്രാതിനിധ്യമില്ല. കേരളത്തിലെ 14 ജില്ലാസെക്രട്ടറിമാരിൽ ഒരാൾപോലും ദളിതനല്ല. ബ്രാഞ്ചു സെക്രട്ടറിമാർ ധാരാളം കണ്ടേക്കാം. വിറകുവെട്ടാനും വെള്ളംകോരാനും പാർട്ടിക്ക് ആളു വേണമല്ലോ!

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രാരംഭ കാലത്ത് സവർണർ മാത്രമാണ് അതിന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്നത്. എന്നാൽ മഹാത്മാ ഗാന്ധിയുടെ രംഗപ്രവേശത്തോടെ കോൺഗ്രസിന്റെ രാഷ്ട്രീയ-സാമൂഹ്യ കാഴ്ചപ്പാടിൽ സമൂലമാറ്റമുണ്ടായി.



ബി.ആർ.അംബേദ്കർ

കോൺഗ്രസിൽ അംഗത്വം ലഭിക്കാൻ ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾ നിർബന്ധിതമാക്കി. അയിത്തോച്ചാടനം കോൺഗ്രസിന്റെ മുഖ്യപരിപാടിയാക്കി. അയിത്തവിഭാഗക്കാരുടെ നേതാവായ ഡോ.അംബേദ്കറുമായി മഹാത്മാ ഗാന്ധി1932ൽപൂനക്കരാറിൽ ഒപ്പുവച്ചു . ഇന്നു പട്ടികവിഭാഗക്കാർക്കു ലഭിക്കുന്ന എല്ലാ ഭരണഘടനാവകാശങ്ങളുടെയും ആണിക്കല്ല് പൂനാക്കരാറാണ്. കോൺഗ്രസിന്റെ സ്ഥിരം വിമർശകനും കോൺഗ്രസിൽ അംഗത്വമില്ലാത്തയാളുമായ ഡോ.ബി.ആർ. അംബേദ്കറെ പ്രഥമ നിയമമന്ത്രിയാക്കാനും ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മറ്റി ചെയർമാനാക്കാനും കോൺഗ്രസിനോ ഗാന്ധിജിക്കോ യാതൊരു വൈമനസ്യവുമുണ്ടായില്ല. നെഹ്റു മന്ത്രിസഭയിൽ ജഗജീവൻ റാമും മന്ത്രിയായിരുന്നു.

കേരളത്തിൽ നിന്ന് ദളിതനായ ശ്രീ.കൊടിക്കുന്നിൽ സുരേഷ് എ.ഐ.സി.സി. സെക്രട്ടറിയാണ്. പത്തനംതിട്ടയിൽ ദളിതനായ ശ്രീ.ബാബു ദിവാകരനും വയനാട്ടിൽ ആദിവാസിയായ ഐ.സി.ബാലകൃഷ്ണനും യൂത്ത്



ജവഹർലാൽ നെഹ്റു

കോൺഗ്രസ് ജില്ലാ പ്രസിഡന്റുമാരാണ്. പട്ടികജ്ജാതിക്കാരനായ മുകുൾ വാസ്നിക്കും ആദിവാസിയായ കിഷോർ ചന്ദ്രദേവും എ.ഐ.സി.സി. ജനറൽ സെക്രട്ടറിമാരാണ്. പട്ടികജാതിക്കാരനായ ഡോ. പരമേശ്വരും ആദിവാസിയായ അജിത് ജോഗിയുംവർക്കിംഗ് കമ്മറ്റി അംഗങ്ങളാണ്. പട്ടികജാതിക്കാരായ സുശീൽ കുമാർ ഷിൻഡേയും ശ്രീമതി മീരാകുമാറും മഹാവീർ പ്രസാദും ആദിവാസിയായ പി. ആർ കിണ്ട്യയും കേന്ദ്ര ക്യാബിനറ്റിൽ അംഗങ്ങളായിരുന്നു. (മീരാകുമാർ ഇപ്പോൾ ലോകസഭാ സ്പീക്കർ) മറ്റ് ഒട്ടേറെപ്പേർ സഹമന്ത്രിമാരാണ്. കർണ്ണാടക പി.സി.സി. പ്രസിഡന്റ് മല്ലികാർജ്ജുന ഖാർഗും ഒറീസാ പി.സി.സി. പ്രസിഡന്റ് ജയദേവ് ജേനയും പട്ടികജാതിക്കാരാണ്. മദ്ധ്യപ്രദേശിലെ പ്രതിപക്ഷനേതാവ് ശ്രീമതി ജമുനാദേവിയും ഗുജറാത്ത് പ്രതിപക്ഷനേതാവും പട്ടികജാതിക്കാർ തന്നെ.



*മല്ലികാർജുന ഖാർഗ്*

പട്ടികജാതിക്കാരായ സഞ്ജീവയ്യ എ.ഐ.സി.സി. പ്രസിഡന്റായും ജഗജീവൻ റാം ഡപ്യൂട്ടി പ്രധാനമന്ത്രിയായും പദവി അലങ്കരിച്ചിട്ടുണ്ട്. ശ്രീ. പി. കക്കനും ഇളയപെരുമാളും തമിഴ്നാട്ടിൽ പി.സി.സി. പ്രസിഡന്റുമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ദളിതരായ സഞ്ജീവയ്യ ആന്ധ്രയിലും ജഗന്നാഥ പഹാഡിയ രാജസ്ഥാനിലും ഭോലാപാസ്വാൻ ശാസ്ത്രി ബീഹാറിലും സുശീൽകുമാർ ഷിൻഡേ മഹാരാഷ്ട്രയിലും കോൺഗ്രസിന്റെ മുഖ്യമന്ത്രിമാരായിരുന്നു. ആദിവാസികളായ ഹേമാനന്ദ് ബിസ്വാൾ ഒറീസ്സയിലും അമർസിംഗ് ചൗധരി ഗുജറാത്തിലും മുഖ്യമന്ത്രിമാരായും, എൻ. കെ. തിർപുഡേ മഹാരാഷ്ട്രയിൽ ഡപ്യൂട്ടി മുഖ്യമന്ത്രിയായും പ്രവർത്തിച്ചിട്ടുണ്ട്. ദളിത് - ആദിവാസി വിഭാഗങ്ങളോടുള്ള കോൺഗ്രസിന്റെ പ്രതിബദ്ധത അചഞ്ചലവും സുസ്ഥിരവുമാണെന്ന് ഇതിൽനിന്നു മനസ്സിലാക്കാവുന്നതാണ്.

**മഹാഭൂരിപക്ഷം ദളിതരും ഇക്കാലമത്രയും സി.പി.എം.ൽ പ്രവർത്തിച്ചിട്ടും ഒരൊറ്റ ദളിതനെപ്പോലും മുഖ്യമന്ത്രി യാക്കാനോ, പി.ബി. സെക്രട്ടറിയാക്കാനോ, പോളിറ്റ് ബ്യൂറോയിൽ അംഗമാക്കാൻ പോലുമോ പാർട്ടി തയ്യാറായിട്ടില്ല. 19-ാം പാർട്ടികോൺഗ്രസ് രൂപം നല്കിയ കേന്ദ്രക്കമ്മറ്റിയിലും ദളിതർക്കു പ്രാതിനിധ്യമില്ല. കേരളത്തിലെ 14 ജില്ലാ സെക്രട്ടറിമാരിൽ ഒരാൾപോലും ദളിതനല്ല. ബ്രാഞ്ചു സെക്രട്ടറിമാർ ധാരാളം കണ്ടേക്കാം. വിറകുവെട്ടാനും വെള്ളംകോരാനും പാർട്ടിക്ക് ആളു വേണമല്ലോ!**

തങ്ങൾക്കു പറ്റിയ വീഴ്ചകൾ സി.പി.എം. ഏറ്റു പറഞ്ഞു തുടങ്ങിയിട്ടേയുള്ളു. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രാരംഭകാലം മുതൽ ചോരയും നീരും നല്കിയാണ് ദളിതർ അതിനെ വളർത്തിയത്. പോലീസിന്റെ ചവിട്ടേറ്റ് നെഞ്ചുപൊളിഞ്ഞപ്പോഴും ഒളിവിൽ പാർത്ത സവർണ സഖാക്കളെ അവർ ഒറ്റിക്കൊടുത്തില്ല. പാർട്ടിയുടെ വർഗ സമരമെന്ന താത്വികാടിത്തറയിൽ ഉറച്ചുകൊണ്ട് സ്വന്തം സമുദായക്കാർ നടത്തിയ സംഘടനാ പ്രവർത്തനങ്ങളെ തല്ലിക്കെടുത്തി. ഇതരസമുദായ സഖാക്കൾ ഒളിഞ്ഞും തെളിഞ്ഞും തങ്ങളുടെ സമുദായ സംഘടനയെ പനപോലെ വളർത്തുകയും ചെയ്തു. ഇതരസംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി കേരളത്തിൽ ദളിതരെ കമ്യൂണിസ്റ്റ് പാർട്ടിയുടെ പദവികളിൽ നിന്നും അധികാരത്തിൽ നിന്നും ഒഴിച്ചുനിർത്താനിടയാക്കിയ സാഹചര്യം ഇതാണ്.



*മീരാകുമാർ*

അൻപതുകളിൽ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിക്ക് അഖിലേന്ത്യാടിസ്ഥാനത്തിൽ സാന്നിദ്ധ്യമുണ്ടായിരുന്നു. അവഗണിക്കാനാവാത്ത ശക്തി ആന്ധ്രയിലും പഞ്ചാബിലുമുണ്ടായിരുന്നു.



*സുശീൽകുമാർ ഷിൻഡെ*

ഏഴു സംസ്ഥാനങ്ങളിൽ നിന്ന് 18 പേരെ പാർലമെണ്ടിൽ എത്തിക്കാൻ അന്നു പാർട്ടിക്കുകഴിഞ്ഞു. ഇന്നവർ 3 സംസ്ഥാനങ്ങളിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. അക്രമമാർഗത്തോടു വിടപറഞ്ഞു പൂർണമായും ജനാധിപത്യരീതിയിൽ പ്രവർത്തിക്കാൻ അവർ തയ്യാറാകാത്ത പക്ഷം മുൻ കമ്യൂണിസ്റ്റു രാജ്യങ്ങളിൽ പാർട്ടിക്കു പറ്റിയ അതേ അപചയം ഇവിടെയും സംഭവിക്കുമെന്നു തീർച്ച.

ഈ പശ്ചാത്തലത്തിൽ തങ്ങളുടെ ശത്രുവാര്, മിത്രമാര് എന്നു ദളിതർ തന്നെ തീരുമാനിക്കട്ടെ.

*(ലേഖകൻ പട്ടികജാതി - പട്ടികവർഗ വകുപ്പ് മുൻമന്ത്രിയാണ്)*

## ഭരണപരാജയം സിപിഎം ഉദ്യോഗസ്ഥന്മാരിൽ ചാരുന്നു

കെ.എം.മാണി



സംസ്ഥാനത്തെ കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണ പരാജയത്തിന്റെ ഉത്തരവാദിത്വം ഉദ്യോഗസ്ഥൻമാരിൽ ചാരി രക്ഷപ്പെടുവാനാണു സിപിഎം ശ്രമിച്ചിട്ടുള്ളതെന്നു കേരളാ കോൺഗ്രസ് (എം) ചെയർമാൻ കെ.എം.മാണി കുറ്റപ്പെടുത്തി.

എൻ.ജി.ഒ.ഫ്രണ്ട് കോട്ടയം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തോമസ് ചാഴികാടൻ എംഎൽഎ, പി.ജെ.ജോസഫ് എംഎൽഎ, മോൻസ് ജോസഫ് എംഎൽഎ, ജോർജ് മാത്യു, എൻ.ജെ.ഏബ്രഹാം, രഞ്ജിത് ജോർജ്, ജോൺ സൈമൺ, പി.സി.ജോസഫ്, ബാബു സേവ്യർ, ജോസ്മോൻ മുണ്ടയ്ക്കൽ, സജി ചിറയത്ത് എന്നിവർ പ്രസംഗിച്ചു. ✪

## ജനാധിപത്യ സംസ്കാരത്തെ ഇടതുസസർക്കാർ ഇഞ്ചിഞ്ചായി തകർക്കുന്നു

പി.ടി.ജോസ്



പാർട്ടി ഏകാധിപത്യവും സർക്കാർ ബലപ്രയോഗവും ജനങ്ങളിൽ അടിച്ചേല്പിച്ചു ജനാധിപത്യ സംസ്കാരത്തെ തകർക്കാൻ അഞ്ചുവർഷത്തെ ഭരണം സിപിഎം ദുരുപയോഗം ചെയ്തതായി കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് കുറ്റപ്പെടുത്തി. 'സമൃദ്ധ കേരളം, സംതൃപ്ത കേരളം 'പരിപാടിയുടെ ഭാഗമായി കണ്ണൂർ ഉളിക്കൽ മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച വികസന സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മണ്ഡലം പ്രസിഡണ്ട് ബാബു മുരിയംവേലിൽ അ ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എ.ജെ.ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ബേബി വ ലിയകുളം, ടോമി വെട്ടിക്കാട്ടിൽ, സേവ്യർ മുകളേക്കാലായിൽ, സിസിലി ആന്റണി, എൽസി ലെസ്ലി, അപ്പച്ചൻ കുമ്പുക്കൽ, ജോളി പുതുശ്ശേരി, മാത്യു വെട്ടിക്കാന, ടി.എൽ.ആന്റണി, ബാബു കല്ലുപുര, വർഗീസ് കാട്ടുപാലം എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ ആദ്യകാല പ്രവർത്തകരെ പൊന്നാട അണിയിച്ച് ആദരിച്ചു. ✪

## ലഹരി വസ്തുക്കൾ വിദ്യാർത്ഥികൾ വർജിക്കണം

മാർ ബോസ്കോ പുത്തൂർ



ലഹരി വസ്തുക്കൾ വർജിക്കാൻ എല്ലാ വിദ്യാർത്ഥി കളും തയ്യാറാകണമെന്നു മാർ ബോസ്കോ പുത്തൂർ ആ വശ്യപ്പെട്ടു. ചൂണ്ടൽ ലേഡി ഇമ്മാക്കുലേറ്റ് ഗേൾസ് ഹൈ സ്കൂൾ വാർഷിക ആഘോഷം ഉദ്ഘാടനം ചെയ്തു പ്ര സംഗിക്കുകയായിരുന്നു ബിഷപ്പ്. ജില്ലാ പഞ്ചായത്ത് അംഗം സി.സി.ശ്രീകുമാർ അധ്യക്ഷത വഹിച്ചു.

മികച്ച മദ്യവിരുദ്ധ പ്രവർത്തകനുള്ള സംസ്ഥാന അവാർഡു നേടിയ സെബാസ്റ്റ്യൻ ചൂണ്ടലിനെ പൊന്നാട അ ണിയിച്ച് ആദരിച്ചു. ഫാ.ആന്റണി തോട്ടാൻ, കെ.ബി.സുരേഷ്, സിസ്റ്റർ അനുപമ, മേഴ്സി ജോർജ്, സിസ്റ്റർ ആനി ജോൺ, സെബാസ്റ്റ്യൻ ചൂണ്ടൽ, ഷാജു ടി.കെ, സിസ്റ്റർ ലീന ജോർ ജ്, അന്ന കീർത്തി ജോർജ്, എ.എ. ബേബി, സി.കെ.റോസി, ജോൺലി കെ.ജെ. എന്നിവർ പ്രസംഗിച്ചു. ✪

## വിജയം വിളിപ്പാടകലെ-പ്രകാശനം



ടോം ജോസ് അങ്കമാലി രചിച്ച 'വിജയം വിളി പ്പാടകലെ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം, 'നല്ല അ യൽക്കാരൻ' എഡിറ്റർ മേരി ജയിൻ എസ്.ഡി, എ.കെ. സി.സി എറണാകുളം അതിരൂപതാ മുൻ പ്രസിഡണ്ട് ഡോ.തോമസ് കണ്ടത്തിലിനു കോപ്പി നല്കി നിർവഹി ക്കുന്നു. ഗ്രന്ഥകാരൻ സമീപം. ✪

നിരീക്ഷണം

ടി.കെ.മാറിയിടം

# കെയറർ എന്ന ഇടത്താവളം

യൂറോപ്പിലും പാശ്ചാത്യനാടുകളിലും ഉള്ള കെയറർ ജോലിയെക്കുറിച്ചു മുമ്പു കേട്ടിരുന്നു. അല്പകാലം വിദേശത്തു കഴിഞ്ഞപ്പോൾ സുഹൃത്തക്കളോട് അന്വേഷിച്ചു. എന്താണു കെയററുടെ ജോലി? കിട്ടിയ ഉത്തരം എന്തല്ലാ? എന്ന മറുചോദ്യമായിരുന്നു.

സ്റ്റുഡൻസ് വിസയിലും ഡിപ്പെൻഡന്റ് വിസയിലും വിദേശത്തെത്തുന്ന ചെറുപ്പക്കാർക്കും ജോബ് സെന്റർ വഴി താത്കാലിക ജോലി ലഭിക്കുന്ന കാര്യം എഴുതിയിരുന്നു. ബനാനാ പായ്ക്കിംഗ്, ബേക്കറിപ്പണി, സെയിൽസ്മാൻ, കെയറർ, ഷോപ്പിംഗ് മാളിൽ ഹെൽപർ എന്നിങ്ങനെ ചിലത്. ഇവയിൽ കെയറർ എന്നു പൊതുവായി അറിയപ്പെടുന്ന ജോലിക്കു പല മേഖലകളിൽ പല പേരാണ്.

ദമ്പതിമാർ ജോലിക്കുപോകുന്ന വീടുകളിൽ കുട്ടികളെ സംരക്ഷിക്കാനെത്തുന്നവർ ചൈൽഡ്മെന്റർ എന്നറിയപ്പെടുന്നു. നേഴ്സറി സ്കൂളുകളിലും ഡേ കെയർ സെന്ററിലും ഇവർക്കു ഹെൽപർ എന്നാണു പേര്. ആശുപത്രികളിൽ സഹായിക്കുന്നതു ഹെൽത്ത് കെയർ അസിസ്റ്റന്റ് ആണ്. നേഴ്സിംഗ് ഹോമുകളിൽ വൃദ്ധജനങ്ങളെ പരിചരിക്കുന്നവരാണു യഥാർത്ഥ കെയറർമാർ. കൂടാതെ, വീടുകളിൽ ഒറ്റയ്ക്കു താമസിക്കുന്ന വൃദ്ധർക്കു നാഷണൽ ഹെൽത്ത് സർവീസിന്റെ വകയായി മരുന്നും ആഹാരവും എത്തിക്കുന്നതും കെയറർമാരാണ്.

ഇങ്ങനെ വ്യത്യസ്ത മേഖലകളിൽ കെയറർക്കു ലേബൽ മാറുന്നു. ചിലർ കൃത്യമായ സേവന വേതന വ്യവസ്ഥകളോടെ ഈ ജോലി സ്ഥിരമായി സ്വീകരിക്കുന്നു. മറ്റു ചിലർക്ക് അർഹമായ തസ്തികയിൽ എത്തുന്നതു വരെ ഇതൊരു ഇടത്താവളമാണ്.

കെയറർ ജോലിയുടെ ഗുരുലഘുത്വം എത്തിപ്പെടുന്ന മേഖലയുടെ സ്വഭാവമനുസരിച്ചാണ്. വൃദ്ധജന സംരക്ഷണമാണു വിഷമകരം. നേഴ്സിംഗ് ഹോമുകൾ സർക്കാർ നിയന്ത്രണത്തിലുള്ള സ്വകാര്യസ്ഥാപനങ്ങളാണ്. അവിടെ സ്ഥിരം ഡോക്ടർ ഉണ്ടായിരിക്കണമെന്നില്ല. രജിസ്ട്രേഡ് ജനറൽ നേഴ്സുമാരാണുള്ളത്. അന്തേവാസികളുടെ ചെറിയ അസുഖങ്ങൾക്ക് അവർ മരുന്നു നല്കും. അതു പോരാത്ത ഘട്ടത്തിൽ, ആവശ്യപ്പെട്ടാൽ ഡോക്ടർ വന്നു രോഗികളെ പരിശോധിച്ചു മരുന്നു നിർദ്ദേശിക്കും. ഇതിനു വിസിറ്റ് ഓൺ കോൾ എന്നു പറയുന്നു. രോഗി അത്യാസന്ന നിലയിലെങ്കിൽ അടുത്ത ആശുപത്രിയിലേക്ക് ആംബുലൻസിൽ കൊണ്ടു പോകും. അഡ്മിറ്റു ചെയ്തു വിദ്ഗ്ധ ചികിത്സ ലഭ്യമാക്കും.



**നേഴ്സിംഗ് ഹോമുകളിൽ വൃദ്ധജനങ്ങളെ പരിചരിക്കുന്നവരാണു യഥാർത്ഥ കെയറർമാർ. കൂടാതെ, വീടുകളിൽ ഒറ്റയ്ക്കു താമസിക്കുന്ന വൃദ്ധർക്കു നാഷണൽ ഹെൽത്ത് സർവീസിന്റെ വകയായി മരുന്നും ആഹാരവും എത്തിക്കുന്നതും കെയറർമാരാണ്.**

നേഴ്സിംഗ് ഹോമിന്റെ നടത്തിപ്പു ചുമതല ഹോം മാനേജർ, അസിസ്റ്റന്റു മാനേജർ എന്നിവർക്കാണ്. അവരുടെ കീഴിൽ എട്ടോ പത്തോ സ്ഥിരം നേഴ്സുമാർ ഉണ്ടായിരിക്കും. പുറമേ താത്കാലികമായി നിയമിക്കപ്പെട്ട നാലഞ്ചു പേരും. ഒരു നേഴ്സിന്റെ മേൽനോട്ടത്തിൽ നാലോ അഞ്ചോ കെയറർമാർ ജോലിചെയ്യുന്നു. പാചകക്കാർ, ശുചീകരണ ജോലിക്കാർ, വസ്ത്രം കഴുകുന്നവർ, തോട്ടക്കാർ, ഡ്രൈവർമാർ എന്നിവരും.

ഒരു കെയററുടെ പരിചരണത്തിൽ അഞ്ചോ ആറോ വൃദ്ധരുണ്ടായിരിക്കും. അവർക്കു ബാത്റൂം സൗകര്യമുള്ള പ്രത്യേകം മുറിയുണ്ട്. കട്ടിൽ, മേശ, കസേര, ഷെൽഫ് എന്നിവയും. ആവശ്യങ്ങൾക്കു കെയററെ വിളിക്കാൻ ടൈമർ ഘടിപ്പിച്ച കോളിംഗ്ബെൽ ഉണ്ട്. കട്ടിലിൽതന്നെയുള്ള സ്വിച്ച് അമർത്തിയാൽ കെയറർ എത്തിക്കൊള്ളണം. വിളിച്ച സമയം ടൈമറിൽ രേഖപ്പെടുത്തും. എത്താൻ വൈകിയാൽ രോഗിക്കു മാനേജരോടു പരാതിപ്പെടാം. അവർ ടൈമറിൽ നോക്കി, പരാതി ബോധ്യപ്പെട്ടാൽ വിശദീകരണം നല്കണം. ഫൈൻ, സാലറി കട്ടിംഗ് എന്നിവയും ഉണ്ടാകാം.

നേഴ്സിംഗ് ഹോമിലെ അന്തേവാസികൾ പലതരക്കാരാണ്. വടി കുത്തി നടക്കുന്നവർ, വീൽചെയറിൽ നീങ്ങുന്നവർ, കാഴ്ചയും കേഴ്‌വിയുമുള്ളവർ, ഓർമിക്കാനും സംസാരിക്കാനും കഴിയുന്നവർ- ഇവർ താരതമ്യേന ഭേദമാണ്. മെയിൻ ഹാളിൽ പോയി ടി.വി. കാണും, പത്രം വായിക്കും, ചാപ്പലിലും ഗാർഡനിലുമൊക്കെ തനിയെ പോയി വരും. ഇവർക്കു ദിനകൃത്യങ്ങളിൽ ചെറിയ സഹായം ലഭിച്ചാൽ മതി. പിന്നെ കൃത്യസമയത്തു മരുന്നും ആഹാരവും നല്ല വാക്കും. എന്നാൽ തീരെ, അവശരുമുണ്ട്. ഒരു വശം തളർന്നവർ, ഓർമ നശിച്ചവർ സംസാരശേഷിയില്ലാത്തവർ, അവർക്കു സകല കാര്യങ്ങളിലും പരസഹായം വേണം. പല്ലു തേയ്പിക്കുക, വായ് കഴുകിക്കുക, മുഷിഞ്ഞ വസ്ത്രവും കിടക്കവിരികളും മാറ്റുക, വിസർജ്യങ്ങൾ നീക്കുക, ശരീരം തുടച്ച്, അണുനാശിനികൾ പുരട്ടി ഡയാപെർ കെട്ടുക, കിടക്ക വ്രണം വരാതെ ക്രീമുകൾ പുരട്ടുക, പുതിയ വസ്ത്രം ധരിപ്പിക്കുക, ആഹാരവും മരുന്നും നല്കുക. വീടുകളിൽ ഒറ്റയ്ക്കു താമസിക്കുന്ന വൃദ്ധരുടെയും സ്ഥിതി ഇതു തന്നെ. അസാമാ

> വിദേശ ഇന്ത്യക്കാരെ നാം അസൂയയോടെ നോക്കുന്നു. അവർ വരുമ്പോൾ ഫോറിൻ സാധനങ്ങൾക്കായി കൈനീട്ടുന്നു. എന്നാൽ, നാം ഒന്നു ചിന്തിക്കണം. അവരിൽ പലരും അവിടെ കഠിനാധ്വാനം ചെയ്താണു ജീവിക്കുന്നത്. പലയിനം ടാക്സുകൾ പിടിച്ചശേഷം കിട്ടുന്ന ശമ്പളം ആ രാജ്യത്തെ നിലവാരമനുസരിച്ചു ജീവിക്കാനേ ഉള്ളൂ. നിത്യച്ചെലവു ചുരുക്കി മിച്ചം പിടിച്ച പണമാണ് അവർ നാട്ടിലേക്ക് അയയ്ക്കുന്നത്. അവ കൈപ്പറ്റുമ്പോൾ ഓർക്കുക, ആ പണം ഏറെ മൂല്യമുള്ളതാണ്. ധൂർത്തടിക്കാനുള്ളതല്ല.



ന്യ ക്ഷമയും സംയമന ശേഷിയും ആവശ്യമായ ജോലി. ഈ മേഖലയിൽ അനുയോജ്യർ സ്ത്രീകളാണ്. അവരിൽതന്നെ മധ്യപ്രായം കഴിഞ്ഞവർ.

സേവന, വേതന വ്യവസ്ഥകളോടെ നേഴ്സിംഗ് ഹോമിൽ സ്ഥിരം ജോലി ചെയ്യുന്ന നേഴ്സുമാരും കെയറർമാരും ഉണ്ട്. മധ്യവയസ്കരായ ഇവർ ദീർഘകാല സേവനംകൊണ്ട് ഈ ജോലിയുമായി പൊരുത്തപ്പെട്ടിരിക്കുന്നു. ഇനി അതു മതി എന്നു തീരുമാനിച്ചവർ. അതിനു മറ്റു ചില കാരണങ്ങളുമുണ്ട്. എൻഎച്ച്എസിന്റെ ഹോസ്പിറ്റലുകളെ അപേക്ഷിച്ച് ഇവിടെ ശമ്പളം കൂടുതലുണ്ട്. എന്നാൽ, മറ്റ് ആനുകൂല്യങ്ങൾ കുറവാണ്. ഉദാഹരണത്തിനു വാർഷിക അവധി, പ്രസവാവധി മുതലായവ. നേഴ്സിംഗ് ഹോമിൽ ഓവർടൈം ജോലി. കൂടുതൽ തുക ലഭിക്കും. അങ്ങനെ കൂടുതൽ പൈസായുണ്ടാക്കാം. ബെനിഫിറ്റുകൾ കുറഞ്ഞോട്ടെ. എന്നാലും ഹോസ്പിറ്റലിലെപ്പോലെ നിയമത്തിന്റെ മുനയിൽ നിന്നുകൊണ്ട് ഓടിച്ചാടി പണിയെടുക്കേണ്ടതില്ലല്ലൊ.

വിദേശ ഇന്ത്യക്കാരെ നാം അസൂയയോടെ നോക്കുന്നു. അവർ വരുമ്പോൾ ഫോറിൻ സാധനങ്ങൾക്കായി കൈനീട്ടുന്നു. എന്നാൽ, നാം ഒന്നു ചിന്തിക്കണം. അവരിൽ പലരും അവിടെ കഠിനാധ്വാനം ചെയ്താണു ജീവിക്കുന്നത്. പലയിനം ടാക്സുകൾ പിടിച്ചശേഷം കിട്ടുന്ന ശമ്പളം ആ രാജ്യത്തെ നിലവാരമനുസരിച്ചു ജീവിക്കാനേ ഉള്ളൂ. നിത്യച്ചെലവു ചുരുക്കി മിച്ചം പിടിച്ച പണമാണ് അവർ നാട്ടിലേക്ക് അയയ്ക്കുന്നത്. വരുമ്പോൾ സമ്മാനപ്പൊതികളായി വിതരണം ചെയ്യുന്നത്. അവ കൈപ്പറ്റുമ്പോൾ ഓർക്കുക, ആ പണം ഏറെ മൂല്യമുള്ളതാണ്. ധൂർത്തടിക്കാനുള്ളതല്ല. ❖

## അറിയേണ്ടും കാര്യങ്ങൾ

# ബഹിരാകാശ നിലയത്തിന്റെ ആയുസ്സു നീട്ടി; 2020 വരെ



**അ**ന്താരാഷ്ട്ര ബഹിരാകാശ നിലയത്തിന്റെ പ്രവർത്തനം 2020 വരെ നീട്ടുവാൻ യൂറോപ്യൻ യൂണിയൻ തീരുമാനിച്ചു. പാരീസിൽ ചേർന്ന യൂറോപ്യൻ സ്പേസ് ഏജൻസിയുടെ രണ്ടുദിന കൗൺസിൽ യോഗമാണ് ഈ തീരുമാനം കൈക്കൊണ്ടത്.

നിലവിലെ കണക്കുകൾ പ്രകാരം യൂറോപ്യൻ യൂണിയൻ 54,000 കോടി രൂപ ബഹിരാകാശ നിലയത്തിന്റെ പ്രവർത്തനങ്ങൾക്കായി സ്വരൂപിക്കേണ്ടതുണ്ട്. 2015ഓടുകൂടി നിലയത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ 2004ൽ അമേരിക്ക തീരുമാനം എടുത്തിരുന്നു. എന്നാൽ, ഇപ്പോഴത്തെ ഒബാമ ഭരണകൂടം അതു പുനഃപരിശോധിച്ചു നിലയത്തിന്റെ സേവനം 2020വരെ നീട്ടി. ആ തീരുമാനത്തിനു പിന്തുണ നല്കിയിരിക്കുകയാണു യൂറോപ്യൻ യൂണിയൻ. ❖

# പോളിട്രിക്സ്

വിജയൻ



ഇനി മലമ്പുഴയിൽ കാണാം..
P പൊളിഞ്ഞ
B ബ്യൂറോ
അടുത്ത നാടകം ഉടനെ തുടങ്ങണം..
ഹാവൂ ഒരു ദരിദ്രനെ കണ്ടതിനാൽ എന്റെ പ്രവർത്തന മേഖല ഇവിടെയാക്കിയാലോ..
ഡൽഹി
കണ്ണന്താനത്തിന് ബി.ജെ.പിയുടെ ക്ഷണം
പൂഞ്ഞാർ സി.പി.എമ്മിന് ഷോക്കായി ജോർജ്ജ് ജെ. മാത്യുവിന് പിന്തുണ പ്രഖ്യാപിച്ചത്.
പണി പാളി..
കാഞ്ഞിരപ്പള്ളി
ഇതും പാരയുടെ ഭാഗമാണോ..?
വി.എസിനെ എതിർത്ത ജയരാജൻ തന്നെ സ്വീകരണത്തിൽ സ്വീകരിച്ചു..

# ന്യൂസ് ഡയറി

(19 - 25 മാർച്ച് 2011)

പി.ആർ.

## കേരളം

**19.** ജനവിരുദ്ധമായ തീരുമാനം പാർട്ടി എടുത്താൽ അതു തിരുത്താൻ പ്രതിഷേധ പ്രകടനങ്ങൾ ഉപകാരപ്പെടുമെന്ന്, തന്റെ സ്ഥാനാർത്ഥിത്വം ആവശ്യപ്പെട്ടുകൊണ്ടു നടന്ന പ്രകടനങ്ങളെ ന്യായീകരിച്ചു വി.എസ്.അച്യുതാനന്ദൻ പറഞ്ഞു.



● കേരള നിയമസഭാ തെരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനം തെരഞ്ഞെടുപ്പു കമ്മീഷൻ പുറത്തിറക്കി.

**20.** പ്രമുഖ വിദ്യാഭ്യാസ ആസൂത്രണ വിദഗ്ധനും ചരിത്ര ഗവേഷകനുമായ ഡോ.കെ.എം.ബഹാബുദീൻ (82) അന്തരിച്ചു.

● ഇന്ത്യയുടെയും ദക്ഷിണാഫ്രിക്കയുടെയും കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫീസുകൾ തമ്മിലുള്ള ധാരണാപത്രത്തിൽ കുമരകത്തു നടന്ന ചടങ്ങിൽ ഒപ്പുവച്ചു.

● കടുത്തുരിത്തിയിൽ സീറ്റു നിഷേധിച്ചതിനെ തുടർന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ സ്റ്റീഫൻ ജോർജ് പാർട്ടി വിട്ടു.

**21.** രണ്ടു രൂപയ്ക്ക് അരി ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ള കൂടുതൽ പേർക്കു നല്കാനുള്ള സംസ്ഥാന സർക്കാർ നടപടി മരവിപ്പിച്ച തെരഞ്ഞെടുപ്പു കമ്മീഷന്റെ ഉത്തരവു ഹൈക്കോടതി റദ്ദാക്കി.

● ഷൊർണൂർ നഗരസഭാ ചെയർമാനും ഇടതുപക്ഷ ഏകോപന സമിതി മുൻ ജനറൽ സെക്രട്ടറിയുമായ എം.ആർ.മുരളിയെ സംഘടനയിൽ നിന്നു പുറത്താക്കി.



**22.** പ്രമുഖ അഭിഭാഷകനും ഇടതുപക്ഷ രാഷ്ട്രീയ-കലാസാംസ്കാരിക പ്രവർത്തകനുമായിരുന്ന അഡ്വ. ജി. ജനാർദനക്കുറുപ്പ് (91) അന്തരിച്ചു.

● രമേശ് ചെന്നിത്തല നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സാഹചര്യത്തിൽ കെ.പി.സി.സി. പ്രസിഡണ്ടിന്റെ താത്ക്കാലിക ചുമതല തലേക്കുന്നിൽ ബഷീറിനു നല്കി.

**23.** കോട്ടയം തിരുനക്കര മഹാദേവക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് 22 കരിവീരൻമാർ അണിനിരന്ന പകൽപൂരം നടന്നു.

● പൂജപ്പുര സെൻട്രൽ ജയിലിൽ കഴിയുന്ന മുൻമന്ത്രി ആർ.ബാലകൃഷ്ണപിള്ള നിയമസഭാ തെരഞ്ഞെടുപ്പിൽ കൊട്ടാരക്കരയിൽ മത്സരിക്കുന്നതിൽ നിന്നും പിൻമാറി.



**24.** എസ്.എഫ്.ഐ മുൻ സംസ്ഥാന പ്രസിഡണ്ടും സി.പി.എം തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗവുമായ സിന്ധു ജോയി സി.പി.എമ്മിൽ നിന്നു രാജിവച്ചു കോൺഗ്രസിൽ ചേർന്നു.



● പാലക്കാട് പുത്തൂർ ഷീലാവധക്കേസിലെ മുഖ്യപ്രതി സമ്പത്തിന്റെ കസ്റ്റഡി മരണക്കേസിൽ ഡി.വൈ.എസ്.പി അടക്കം നാലു പോലീസ് ഉദ്യോഗസ്ഥരെ സി.ബി.ഐ അറസ്റ്റു ചെയ്തു.

**25.** ബിപിഎൽ വിഭാഗത്തിന്ഒരു രൂപയ്ക്കു പ്രതിമാസം 25 കിലോ അരി നല്കുമെന്നു യുഡിഎഫ് പത്രികയിൽ വാഗ്ദാനം.

● കേരളത്തിൽ ക്രൈസ്തവ സമുദായം നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളെ ന്യൂനപക്ഷ സ്ഥാപനങ്ങളായി കാണാൻ കഴിയില്ലെന്നു എം.ജി.സർവകലാശാല സിൻഡിക്കേറ്റ്.

## ദേശീയം

**19.** സിക്കിം ചീഫ് ജസ്റ്റിസ് പി.ഡി. ദിനകരനെതിരെ ഉയർന്ന ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തിയ രാജ്യസഭാസമിതി 16 കുറ്റങ്ങൾ സ്ഥിരീകരിച്ചു റിപ്പോർട്ടു നല്കി.



● ഭൂവുടമകളുടെ മൗലികാവകാശങ്ങളെയും ഭരണഘടനയെയും അവഗണിച്ച് ഏകപക്ഷീയമായി ഭൂമി ഏറ്റെടുക്കാൻ ഭരണകൂടങ്ങൾക്ക് അവകാശമില്ലെന്ന്, ഉത്തർപ്രദേശിൽ ജയിൽ നിർമിക്കാനായി ഭൂമി ഏറ്റെടുത്ത സംസ്ഥാന സർക്കാരിന്റെ നടപടി റദ്ദാക്കിക്കൊണ്ടു സുപ്രീം കോടതി പറഞ്ഞു.

**20.** രാജ്യമെമ്പാടും നിറങ്ങളുടെ ഉത്സവമായ ഹോളി ആഘോഷിച്ചു.

● കേന്ദ്രസർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ. ജനുവരി ഒന്നുമുതൽ മുൻകാല പ്രാബല്യത്തോടെ 45 ശതമാനത്തിൽ നിന്നും 51 ശതമാനമാക്കി ഉയർത്തുവാൻ കേന്ദ്രമന്ത്രിസഭ തീരുമാനിച്ചു.

**21.** ഭോപ്പാൽ വാതകദുരന്തത്തിലെ പ്രതിയും യൂണിയൻ കാർബൈഡ് മുൻ ചെയർമാനുമായ വാറൻ ആൻഡേഴ്സനെ ഇന്ത്യയ്ക്കു വിട്ടുകിട്ടാൻ സി.ബി.ഐ ഡൽഹി ഹൈക്കോടതിയിൽ അപേക്ഷ സമർപ്പിച്ചു.



● മഹാരാഷ്ട്രയിലെ മൂന്നു മുൻ മുഖ്യമന്ത്രിമാരുടേതടക്കം കള്ളപ്പണം താൻ ഓഹരി വിപണിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്നു നികുതി വെട്ടിപ്പു കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റ് അറസ്റ്റു ചെയ്ത ഹസ്സൻ അലി വെളിപ്പെടുത്തി.



**22.** രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പു പ്രചരണത്തിൽ വൻതോതിൽ സൗജന്യ സമ്മാനങ്ങൾ വാഗ്ദാനം ചെയ്യുന്നതു തെറ്റായ പ്രവണതയാണെന്നു മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണർ എസ്.വൈ.ഖുറേഷി.

- കോമൺവെൽത്ത് ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഡൽഹി മുഖ്യമന്ത്രി ഷീല ദീക്ഷിത്, ഗവർണർ തേജീന്ദർ ഖന്ന എന്നിവർ വീഴ്ചവരുത്തിയെന്നു മുൻ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ വി.കെ.ശുംഗ്ലൂ പ്രധാനമന്ത്രിക്കു റിപ്പോർട്ടു നല്കി.

**23.** ശുചീകരണ പ്രവർത്തനത്തിനു രാജ്യത്തെ ഏറ്റവും മികച്ച ബ്ലോക്കു പഞ്ചായത്തിനുള്ള നിർമൽ ഗ്രാമീൺ പുരസ്കാരം കോട്ടയത്തെ വൈക്കം ബ്ലോക്കിനു ഡൽഹിയിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി പ്രതിഭാ പാട്ടീൽ സമ്മാനിച്ചു.

- കാശ്മീർ താഴ്വരയിൽ കഴിഞ്ഞ വർഷമുണ്ടായ കലാപത്തിൽ കൊല്ലപ്പെട്ട 102 പേരുടെ കുടുംബങ്ങൾക്ക് 5.10 കോടി രൂപ നഷ്ടപരിഹാരമായി സംസ്ഥാന സർക്കാർ അനുവദിച്ചു.

**24.** അഹമ്മദാബാദിൽ ലോകകപ്പു ക്വാർട്ടർ ഫൈനലിൽ ഓസ്ട്രേലിയയെ അഞ്ചു വിക്കറ്റിനു തോല്പിച്ച ഇന്ത്യ സെമി ഫൈനലിലേക്കു പ്രവേശനം നേടി.



- ഒറീസ 'ഒഡീഷ' എന്നും ഒറിയഭാഷ 'ഒഡിയ' എന്നും മാറ്റിക്കൊണ്ടുള്ള ഭരണഘടനാ ഭേദഗതിബിൽ പാർലമെണ്ടു പാസ്സാക്കി.

**25.** ഇടതുമുന്നണി സ്വതന്ത്രഎം.എൽ.എ സ്ഥാനം രാജിവച്ച അൽഫോൻസ് കണ്ണന്താനം ന്യൂഡൽഹിയിൽ ബി.ജെ.പി ദേശീയ അധ്യക്ഷൻ നിതിൻ ഗഡ്ഗരിയിൽ നിന്നു പാർട്ടി അംഗത്വം സ്വീകരിച്ചു.



- കവി ഒ.എൻ.വി. കുറുപ്പ് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി പ്രതിഭാ പാട്ടീലിൽ നിന്നു പത്മവിഭൂഷൺ ബഹുമതി ഏറ്റുവാങ്ങി.



# വിദേശം

**19.** ലിബിയയിൽ സർക്കാർവിരുദ്ധ പ്രക്ഷോഭകർക്കു നേരേ ആക്രമണം അഴിച്ചുവിടുന്ന സൈന്യത്തെ പ്രതിരോധിക്കാൻ യു.എൻ. സഖ്യസേനയ്ക്ക് അനുമതി നല്കി.

- ഈജിപ്തിയിൽ പുതിയ ഭരണഘടന വേണോ, അതോ നിലവിലുള്ള ഭരണഘടനയിൽ ഭേദഗതി വരുത്തിയാൽ മതിയോ എന്നതു സംബന്ധിച്ചു നടന്ന ഹിതപരിശോധയിൽ നാലു കോടി പേർ വോട്ടു ചെയ്തു.

**20.** മനുഷ്യാവകാശലംഘനം, അധികാര ദുർവിനിയോഗം തുടങ്ങിയ ആരോപണങ്ങൾ ഉന്നയിച്ചു പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ തായ്‌ലാൻഡ് പ്രധാനമന്ത്രി അഭിജിത് വെജ്ജാജിവ അതിജീവിച്ചു.



- നയതന്ത്രവിദഗ്ധനും മുൻ യു.എസ് സ്റ്റേറ്റ് സെക്രട്ടറിയുമായ വാറൻ ക്രിസ്റ്റഫർ (85) അന്തരിച്ചു.



**21.** മെക്സിക്കോയിലെ യു.എസ്. സ്ഥാനപതി കാർലോസ് പാസ്കൽ രാജിവച്ചു.

- പെറു പ്രധാനമന്ത്രി ജോസ് ആന്റോണിയോ ചാങ് രാജിവച്ചു.



**22.** ബംഗ്ലാദേശ് വിമോചന സമരനായകരിലൊരാളായിരുന്ന കേണൽ അബു താഹിറിനെ 1976 ജൂലൈ 21നു തൂക്കിലേറ്റാനിടയായ സൈനിക കോടതിവിധി ധാക്ക ഹൈക്കോടതി റദ്ദാക്കി.

- ഓഫീസ് ജീവനക്കാരിയെ ബലാത്സംഗം ചെയ്ത കുറ്റത്തിനു മുൻ ഇസ്രയേൽ പ്രസിഡണ്ട് മോഷെ കത്സാവിനു ടെൽ അവീവിലെ ജില്ലാ കോടതി ഏഴു വർഷം തടവു വിധിച്ചു.



**23.** ജനാധിപത്യാനുകൂല ലേഖനങ്ങൾ ഓൺലൈനിൽ പ്രസിദ്ധീകരിച്ചതിനു ചൈനയിലെ പ്രമുഖ ജനാധിപത്യവാദി ലിയു സിയാൻബിന്നിനെ (43) പത്തുവർഷത്തെ കഠിനതടവിനു വിധിച്ചു.

- യു.എസ്.തലസ്ഥാനമായ വാഷിംഗ്ടണിലെ റെയ്ഗൻ വിമാനത്താവളത്തിൽ വ്യോമസേന ഗതാഗത വിഭാഗത്തിലെ സൂപ്പർവൈസർ ഡ്യൂട്ടിക്കിടെ ഉറങ്ങിയെങ്കിലും രണ്ടു യാത്രാവിമാനങ്ങൾ കൃത്യമായ മാർഗനിർദേശം ലഭിക്കാതെ സുരക്ഷിതമായി വിമാനത്താവളത്തിൽ ഇറങ്ങി.

**24.** ഇരുപതാം നൂറ്റാണ്ടിലെ ഹോളിവുഡ് ഇതിഹാസ നടി എലിസബത്ത് ടെയ്‌ലർ (79) ഹൃദയാഘാതത്തെ തുടർന്ന് അന്തരിച്ചു.



- മുഅമ്മർ ഗദ്ദാഫി സർക്കാരിനെതിരെ പോരാടുന്ന ലിബിയൻ പ്രക്ഷോഭകർ ജനാധിപത്യവാദിയായ മഹ്മൂദ് ജബ്രീലിനെ ബദൽ സർക്കാരിന്റെ തലവനായി പ്രഖ്യാപിച്ചു.



- പശ്ചിമേഷ്യൻ രാജ്യമായ യെമനിൽ ജനകീയപ്രക്ഷോഭം മൂർച്ഛിച്ചതിനെത്തുടർന്നു പ്രസിഡണ്ട് അബ്ദുള്ള സലേഹ് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു.

**25.** ചെലവുചുരുക്കൽ പദ്ധതി പാർലമെണ്ടു തള്ളിയതിനെ തുടർന്നു പോർച്ചുഗൽ പ്രധാനമന്ത്രി ജോസ് സോക്രേറ്റ്സ് രാജിവച്ചു.

- അഫ്ഗാനിസ്ഥാനിൽ നിരായുധരായ മൂന്നു സിവിലിയൻമാരെ വധിച്ച കുറ്റത്തിനു യു.എസ്.ആർമി സ്പെഷ്യലിസ്റ്റ് ജെറമി മർലോക്കിന് (23) യു.എസ് കോടതി 24 വർഷം തടവു വിധിച്ചു.



- മ്യാൻമാറിൽ 6.8 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ നൂറിലേറെ പേർ കൊല്ലപ്പെട്ടു.




## ചിന്താവിനോദം

**ഡോ. ചെറിയാൻ കുനിയന്തോടത്ത് സി.എം.ഐ.**

*പ്രസാ: ജനത ബുക്ക്സ്, തേവര, കൊച്ചി*
*വില ₹ 60/-*

ഗ്രന്ഥത്തെപ്പറ്റി ഗ്രന്ഥകാരൻ എഴുതുന്നു: വ്യത്യസ്ത ചിന്താധാരകളാണു ചിന്താവിനോദത്തിന്റെ ഉള്ളടക്കം. ഒറ്റ വായനയിൽ ഗ്രഹിക്കാൻ കഴിയാത്തവ രണ്ടാം വായനയിൽ കൂടുതൽ കൂടുതൽ തെളിഞ്ഞു വരുന്നു. വൈരുധ്യങ്ങളിലൂടെ ജീവിതാവസ്ഥയുടെ മറ നീക്കിക്കാണിക്കുകയാണിവിടെ.



ഒരു പുറം വായിക്കുമ്പോൾ "മറുപുറം" വായിക്കാനുള്ള പ്രേരണയാണ് ഓരോ ചിന്തയും പകർന്നുതരുന്നത്. ഒരു പക്ഷേ, വിനോദാത്മകമായ ജീവിതവിമർശനമാണ് ഈ കൃതി എന്നു പറയുവാനാവും. ചുരുക്കം വാക്കുകളിൽ, ഒറ്റ വാക്യത്തിൽ ഒതുങ്ങുന്ന നിരീക്ഷണങ്ങൾ ചിന്തയുടെയും പുനർചിന്തകളുടെയും അനേകം വാതായനങ്ങൾ വായനക്കാരന്റെ മനസ്സിൽ തുറന്നുകൊടുക്കണം എന്ന മുൻവിധിയോടുകൂടിയ രചനാശൈലിയാണു ഇവിടെ സ്വീകരിച്ചിരിക്കുന്നത്.

അതുകൊണ്ടുതന്നെ സാധാരണ വായനക്കാരെയല്ല, അസാധാരണ വായനക്കാരെയാണ് ഇതിന്റെ രചനാവേളയിൽ മുന്നിൽകണ്ടിട്ടുള്ളതെന്നു തുറന്നുപറഞ്ഞുകൊള്ളട്ടെ. അപ്രിയസത്യങ്ങൾ ചിലരുടെയെല്ലാം പുരികങ്ങളുടെ താളം തെറ്റിക്കുന്നുണ്ടാകാം. സമൂഹവിമർശനംകൂടി ചിന്താവിനോദത്തിന്റെ പിന്നാമ്പുറങ്ങളിലുണ്ട്. ഇത്തരം കൃതികൾ അധികമൊന്നുമില്ല. അതുകൊണ്ടുതന്നെ, ചിന്താപഥത്തിൽ ഒരു പുതിയ വിളക്കുകൊളുത്താൻ കഴിഞ്ഞിരിക്കുന്നു. ഈ ചിന്താവിനോദത്തിന്റെ തിരമാലകൾ സഹൃദയതീരങ്ങളിൽ എത്തിച്ചേരുമെന്നാണു പ്രതീക്ഷ. ❖

## നീതിമാന്റെ മരണം

**പി.സി. എറികാട്**

*പ്രസാ: നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം*
*വില ₹ 100/-*



യേശുവിന്റെ പിതൃസ്ഥാനീയനായ യൗസേപ്പിന്റെ അന്ത്യനാളുകൾ. സപ്തവ്യസനങ്ങളാൽ മരണക്കിടക്കയിൽ വീർപുമുട്ടുന്ന യൗസേപ്പിന്റെ നിനവുകളിലൂടെ യേശുവിന്റെ പിറവിയും ബാല്യകൗമാരങ്ങളിലെ പ്രതിസന്ധികളും വിസ്മയങ്ങളായ പ്രതികരണങ്ങളും തനിമയോടെ ആവിഷ്കരിക്കുന്ന രചന.

ഒരു കാലഘട്ടത്തിന്റെ സുകൃതം പൊഴിക്കുന്ന അസാധാരണമായ നേർക്കാഴ്ചകൾ. അനേകം കഥകൾ. അനേകം കഥാപാത്രങ്ങൾ. മലയാളത്തിൽ ഇത് അപൂർവരചന. ❖

---

## ഭവാനിപ്പുഴയിലെ പാലം *(നോവൽ)*

**പി.സി. എറികാട്**

പ്രസാ: നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം
വില ₹ 50/-



**അട്ടപ്പാടി**

ഉമ്മണ്ണൂരിലെ പുതിയ ഊരിലിരുന്നാൽ കാണാം ഭവാനിപ്പുഴയിലെ പാലം. ആ കാഴ്ചയിൽ പുഷ്പിക്കുന്ന ദൊണ്ണയെന്ന ആദിവാസിയുടെ ഓർമകൾ. ആദിവാസികളെ ചൂഷണം ചെയ്തു വളർന്ന അധികാരി കന്തസ്വാമി കൗണ്ടർ, കച്ചവടക്കാരൻ അറുമുഖൻ, ഭാര്യ കണ്ണമ്മ, പാലംപണിക്കു വന്ന ഉദ്യോഗസ്ഥൻ, വനപാലകർ എന്നിങ്ങനെ ഒട്ടേറെ മുഖങ്ങൾ കെട്ടുപിണയുന്ന ദൊണ്ണയുടെ മനസ്സ്. ആദിവാസിത്തനിമയുടെ ഗതകാലചിത്രങ്ങൾ. ആദിവാസികളെ അനുകമ്പയോടെ കണ്ട സുബ്രമണിമാഷ്, ജോയൽ ശാമിയാർ, മിഡ്‌വൈഫ് ലിസി എന്നിവരുടെ ദുരന്തങ്ങളും ഈ നോവലിൽ തെളിയുന്നു.

ആധുനികതയുടെ തേരോട്ടത്തിൽ ചതഞ്ഞരയുന്ന അട്ടപ്പാടിയിലെ ആദിവാസിജീവിതം ഹൃദയസ്പൃക്കായി ആവിഷ്കരിക്കുന്ന നോവൽ. ❖

*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*

# ഡോ. കുര്യാസ് കുമ്പളക്കുഴിയുടെ കൃതികൾ

**അതിരുകളില്ലാതെ ആശാൻ കവിത**



മീഡിയാഹൗസ്
കോഴിക്കോട്. വില: ₹ 150

**ബൈബിൾ നിഘണ്ടു**
(രണ്ടാം പതിപ്പ്)



മീഡിയാ ഹൗസ്,
വില: ₹ 180/

**മറക്കരുതാത്ത ചരിത്രപാഠങ്ങൾ**



മീഡിയാ ഹൗസ്,
വില: ₹ 140/

**യോഹന്നാൻ ക്രൂസിന്റെ മിസ്റ്റിക് ഗീതങ്ങൾ**



മീഡിയാ ഹൗസ്,
വില: ₹ 80/

**വിദ്യാഭ്യാസം ചരിത്രവും ദർശനവും**



മീഡിയാ ഹൗസ്,
കോഴിക്കോട്.

**മൃത്യുബോധം മലയാള കാല്പനിക കവിതയിൽ**



മീഡിയാ ഹൗസ്
വില: ₹ 190/

**സത്യത്തിന്റെ മുഖം**



മീഡിയാ ഹൗസ്,
വില: ₹ 100/

**ആർഷരത്നങ്ങൾ**
(മൂന്നാംപതിപ്പ്)



അരുൺ ബുക്സ്,
വില: ₹ 125/

**ഇന്ദ്രപ്രസ്ഥത്തിലെ ദാർശനികൻ**
(മൂന്നാംപതിപ്പ്)



അരുൺ ബുക്സ്,
നിലമ്പൂർ

**വീണ്ടു വിചാരം**



വിമലാ ബുക്സ്.
കാഞ്ഞിരപ്പള്ളി,
വില: ₹ 110/

**കേരള കവിതയിലെ തേനും വയമ്പും**



മീഡിയാ ഹൗസ്,
വില: ₹ 75/

**അഗ്നികടയുന്ന അക്ഷരങ്ങൾ**



അരുൺ ബുക്സ്,
നിലമ്പൂർ വില: ₹ 75/

**പ്രസംഗിക്കുക പ്രസംഗകരാവുക**
(മൂന്നാംപതിപ്പ്)



അരുൺ ബുക്സ്,
വില: ₹ 100/

**മഹാഭാരതം**
(പുനരാഖ്യാനം)



അരുൺ ബുക്സ്,
നിലമ്പൂർ

**കുടുംബജീവിത പാഠങ്ങൾ**



വിമലാ ബുക്സ്,
വില: ₹ 95/

**വിമോചനസമരം**



മീഡിയാ ഹൗസ്,
വില: ₹ 210/

**ഇടപ്പള്ളിക്കവിതകൾ**



അരുൺ ബുക്സ്,
വില: ₹ 100/

**കഥ കവിത ജീവിതം**



അരുൺ ബുക്സ്,
നിലമ്പൂർ

**ഗീതാഞ്ജലി**



വിമലാ ബുക്സ്,
വില: ₹ 40/

**ചരിത്രത്തിലെ വർത്തമാനങ്ങൾ**

വിമലാ ബുക്സ്,
കാഞ്ഞിരപ്പള്ളി

*എല്ലാ പ്രമുഖ ബുക്സ്റ്റാളുകളിലും ലഭിക്കുന്നു.*